

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വട്ടവട ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഐ.ഡി.കെ.പി.7/1155/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 12/11/2025
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വട്ടവട ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 12/11/2025
കെ.എസ്.എ.ഐ.ഡി.കെ.പി.7/1155/2025

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-11-2024 മുതൽ 13-09-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-09-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. രാജേഷ് സി. ഹരിബാൽ	ഡെപ്യൂട്ടി ഡയറക്ടർ	15-09-2025	20-09-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-09-2025	20-09-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ. സാമുവൽരാജ് അർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഡാനിഷ് കെ. ഇസഡ്., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ഗണപതിയമ്മാൾ ബി.	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. ശ്രീകുമാർ ജി.	സെക്രട്ടറി	01-04-2024	29-10-2024
ശ്രീ. ഷാജു എം.ബി.	സെക്രട്ടറി-ഇൻ-ചാർജ്ജ്	30-10-2024	27-12-2024
ശ്രീ. നജീം എച്ച്.	സെക്രട്ടറി-ഇൻ-ചാർജ്ജ്	28-12-2024	21-01-2025
ശ്രീ. വിനോദ്കുമാർ സി.	സെക്രട്ടറി	22-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീ. അശ്വിൻ മുരളി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	27-09-2024
ശ്രീ. ജോസ് പ്രവീൺ സെബി	അസിസ്റ്റന്റ് എഞ്ചിനീയർ	28-09-2024	31-03-2025
ഡോ. അനു സുരേന്ദ്രൻ	മെഡിക്കൽ ഓഫീസർ (എഫ് എച്ച് .സി.)	01-04-2024	31-03-2025
ഡോ. ആൻ ഫെമിന ഡാനിയേൽ	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	01-04-2024	19-09-2024
ഡോ. എം. എസ്. നൗഷാദ്	മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	20-09-2024	31-03-2025
ഡോ. ജെയ്സൺ ജോൺ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2024	31-03-2025
ഡോ. എ. ബിനിരാജ്	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി. ജയന്തി ജെ.	അഗ്രികൾച്ചർ ഓഫീസർ	01-04-2024	24-12-2024
ശ്രീമതി. ബിനീത കെ. എൻ.	അഗ്രികൾച്ചർ ഓഫീസർ	25-12-2024	31-12-2024
ശ്രീ. ജ്യോതിസ് പി. ജോസഫ്	അഗ്രികൾച്ചർ ഓഫീസർ	01-01-2025	31-03-2025
ശ്രീ. അജേഷ് സി. വി.	വി.ഇ.ഒ.	01-04-2024	04-10-2024
ശ്രീ. ജോബിൻ എൻ.	വി.ഇ.ഒ.	05-10-2024	31-03-2025
ശ്രീമതി. ജലജ ആന്റണി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല	1-1-3
5	തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല	1-1-4
6	കുടിശ്ശികത്തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-5
7	ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - പാർട്ട്ബിൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല	1-1-6
8	ഗ്രാന്റുകളുടെ വരവ് - ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല.	1-1-7
9	ബജറ്റ്	1-2
10	ഗ്രാന്റ് വിനിയോഗം	1-3
11	ഗ്രാന്റ് വിനിയോഗം - നിശ്ചിതശതമാനം ചെലവഴിച്ചില്ല - 2026-2027 – ൽ ₹55,52,052/- ലാപ്സാകും	1-3-1
12	പദ്ധതി അവലോകനം	1-4
13	തൊഴിലുറപ്പ് പദ്ധതി	1-5
14	ക്ഷേമപെൻഷനുകൾ	1-6
15	ക്യാഷ് പരിശോധന	1-7
16	ആഭ്യന്തരനിയന്ത്രണം	1-8
17	ബി.എസ്.എൻ.എൽ.മൊബൈൽ ടവർ - വസ്തുനികുതിയുടെ കുടിശ്ശിക ₹4,78,788/- ഈടാക്കിയില്ല	1-9
18	വാടകക്കുടിശ്ശിക ഈടാക്കുന്നില്ല	1-10
19	ലൈബ്രറി പ്രവർത്തനരഹിതമായി തുടരുന്നു	1-11
20	വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു	1-12
21	സംരക്ഷണഭിത്തി നിർമ്മാണം - അധികം തുക അനുവദിച്ചു - നഷ്ടം ₹33,778/-	1-13
22	വനിതഗ്രൂപ്പുകൾക്ക് കോഴിക്കുഞ്ഞ് വിതരണം - വാങ്ങിയ കോഴിക്കുഞ്ഞുങ്ങളെ പൂർണ്ണമായും വിതരണം ചെയ്തില്ല - ₹45,120/- നിരാകരിക്കുന്നു - മറ്റ് അപാകങ്ങൾ ₹4,34,880/- തടസ്സപ്പെടുത്തുന്നു.	1-14
23	വൃദ്ധർക്ക് കമ്പിളിപ്പുതപ്പ് വിതരണം - വിതരണരേഖകൾ ലഭ്യമാക്കിയില്ല - ₹4,99,550/- തടസ്സപ്പെടുത്തുന്നു.	1-15
24	ആശ്രയ - പദ്ധതി ഫണ്ട് പൂർണ്ണമായി വിനിയോഗിച്ചില്ല	1-16
25	ഫെസ്റ്റിവൽ അഡ്വാൻസ് - ₹43,000/- കുടിശ്ശിക - നാളിതുവരെ തിരികെ ഈടാക്കിയില്ല	1-17
26	സപ്ലൈകോ അരി - അങ്കണവാടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല	1-18
27	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല	1-19
28	അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതികൾ നടപ്പാക്കിയില്ല	1-20
29	കുടുംബാരോഗ്യകേന്ദ്രം (എഫ്.എച്ച്.സി.) - ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ (എച്ച്.എം.സി.)വാർഷികക്കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നില്ല	1-21
30	ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ - വിതരണരേഖകൾ ലഭ്യമാക്കിയില്ല - ₹4,71,384/- തടസ്സപ്പെടുത്തുന്നു.	1-22
31	സാമൂഹ്യസുരക്ഷാപെൻഷൻ - അനർഹമായ കാലയളവിൽ തുക അനുവദിച്ചു	1-23
32	ഇലക്ഷൻ ഡെപ്പോസിറ്റ് തുക നാളിതു വരെ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല	1-24
33	അർഹമായ തീയതിക്ക് രണ്ട് വർഷത്തിനുശേഷം യാത്രബത്ത കൈപ്പറ്റി - സർക്കാർ സാധൂകരണം ലഭിക്കാതെ യാത്രാബത്ത അനുവദിച്ചു	1-25
34	അങ്കണവാടികൾക്ക് പോഷകാഹാരവിതരണം - ചെലവ് തുകകളുടെ അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല - ₹1,62,725/- തടസ്സപ്പെടുത്തുന്നു.	1-26
35	കുടുംബാരോഗ്യകേന്ദ്രം(എഫ്.എച്ച്.സി.) - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല	1-27
36	ജൽജീവൻ മിഷൻ - അവലോകനം	1-28

37	ഹെൽത്ത് ഗ്രാന്റ് - അവലോകനം	1-29
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	വനിത ഗ്രൂപ്പുകൾക്ക് കോഴിക്കുഞ്ഞ് വിതരണം - വാങ്ങിയ കോഴിക്കുഞ്ഞുങ്ങളെ പൂർണ്ണമായും വിതരണം ചെയ്തില്ല - ₹45,120/- നിരാകരിക്കുന്നു. മറ്റ് അപാകങ്ങൾ ₹4,34,880/- തടസ്സപ്പെടുത്തുന്നു.	3-1
2	സംരക്ഷണഭിത്തി നിർമ്മാണം - അധികം തുക അനുവദിച്ചു - നഷ്ടം ₹33,778/-	3-2
ഭാഗം 4		
1	മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന	4-1
2	സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ - വായ്പയുടെ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994 – ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4), 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2,1 & 11.3, സംസ്ഥാനഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 29.05.2025 – ലെ 1(1) നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 12.06.2025 - ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വട്ടവട ഗ്രാമപ്പഞ്ചായത്തിന്റെ മാർച്ച് 2025 - ൽ അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തികപ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C And AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തികപ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി. വട്ടവട ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷത്തേക്കുള്ള സാമ്പത്തികപ്രസ്താവനകൾ, സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
12.11.2025 ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് റൂൾസ്, റൂൾ 62(2) (ഇ), (എഫ്) എന്നിവ പ്രകാരം, വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായറിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാനഅനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റുമെന്റിലെ 'Net Increase/(Decrease) In Cash And Cash Equivalents' – ൽ രേഖപ്പെടുത്തിയ തുകയും (₹73,58,730/-) ഇതേ പത്രികയിൽ 'Net Cash Generated By Operating + Investing + Financing Activity (A+B+C)' – ൽ രേഖപ്പെടുത്തിയ തുകയും (-₹86,22,129/-) തുല്യമല്ല. ആയതിനാൽ പത്രിക പ്രകാരം, സാമ്പത്തികവർഷത്തിലെ ആകെ കാഷ് ഫ്ലോയും പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്ത തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26.07.2011 - ലെ സ.ഉ.(കൈ)നം.152/2011/ത.സ്വ.ഭ.വ. – ലെ നിർദ്ദേശങ്ങൾക്കനുസൃതമായി, പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വിവിധ ഷെഡ്യൂളുകളിൽ 31.03.2025 – ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. കൂടാതെ ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല.

1-1-4 തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല

എല്ലാ ആസ്തികൾക്കും ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയ ഇനങ്ങളുടെ സംഗതിയിൽ, വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിത നിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല.

1-1-5 കുടിശ്ശികത്തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

വാർഷികകണക്കുകൾ പ്രകാരം കുടിശ്ശികയുള്ള വസ്തുനികുതിയിൽ, സർക്കാർ നിർദ്ദേശിച്ച നിരക്കിൽ കിട്ടാക്കടം പ്രൊവിഷൻ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ലഭിക്കാനിടയില്ലാത്ത തുക കിട്ടാനുള്ളതായി കരുതുന്നതിന് ഇടവരുത്തുകയും സ്ഥാപനത്തിന്റെ ധനസ്ഥിതിയെ തെറ്റായി ചിത്രീകരിക്കുവാൻ ഇടവരുത്തുകയും ചെയ്യുന്നു. Income & Expenditure Statement – ൽ പ്രസ്തുത തുക, ഷെഡ്യൂൾ ഐ-16 - ൽ ഉൾപ്പെടുത്താതിരുന്നതിനാൽ Deficit തുകയിൽ വ്യത്യാസം വന്നിരിക്കുന്നു.

1-1-6 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് - പാർട്ട്ബിൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ കണക്ക് പ്രകാരം, തൻവർഷം വിവിധ പൊതുമരാമത്ത് പ്രവൃത്തികൾക്കായി ₹2,36,546/- പാർട്ട് ബിൽ നൽകിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ Capital Work-In-Progress എന്ന ശീർഷകത്തിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

1-1-7 ഗ്രാന്റുകളുടെ വരവ് - ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല.

1. സ്ലോട്ടർഹൌസ് ഗ്രാന്റ് ₹20,889/-, വെസ്റ്റേൺഘട്ട് ₹24,050/-, ജലനിധി ₹52,859/- എന്നീയിനങ്ങളിലെ വരവ് തുകകൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയില്ല.
2. വാർഷികധനകാര്യപത്രികയിൽ ഭരണച്ചെലവുകൾ, തൊഴിലാളികളുടെ കൂലി എന്നീയിനങ്ങളുടെ വരവ്-

ചെലവ് കണക്കുകൾ തെറ്റാണ്.

1-2 ബജറ്റ്

ഇനം	തീരുമാനം നമ്പർ/തീയതി
ബജറ്റ് നിർദ്ദേശങ്ങൾ ക്ഷണിക്കൽ	08.01.2024
സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം	1, 12.02.2024
ഭരണസമിതി അംഗീകാരം	1(1), 17.02.2024
ബജറ്റ് പുതുക്കൽ	1(1), 28.03.2025

ഇനം	ബജറ്റ്/പുതുക്കിയ ബജറ്റ് പ്രകാരം (₹)
മുന്നിരിപ്പ്	21,53,819/-
വരവ്	25,90,31,252/-
ആകെ	26,11,85,071/-
ചെലവ്	25,98,52,216/-
നീക്കിയിരിപ്പ്	13,32,855/-

1-3 ഗ്രാന്റ് വിനിയോഗം

ഇനം	മുൻബാക്കി (₹)	അലോട്ട്മെന്റ് വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസനഫണ്ട് – പൊതുവിഭാഗം	0	1,47,54,960/-	1,47,54,960/-	1,47,41,367/-	13,593/-
വികസനഫണ്ട് – എസ്.സി.പി.	0	49,17,000/-	4917,000/-	48,78,719/-	38,281/-
വികസനഫണ്ട് – റ്റി.എസ്.പി.	0	24,26,010/-	24,26,010/-	24,26,000/-	10/-
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	0	1,23,04,000/-	1,23,04,000/-	57,77,814/-	65,26,186/-
മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം)	0	32,99,000/-	32,99,000/-	11,52,534/-	21,46,466/-
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Untied)	36,11,881/-	63,47,748/-	99,59,629/-	34,05,089/-	65,54,540/-
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied)	55,47,252/-	33,47,798/-	73,35,252/-	0	88,95,050/-
വെസ്റ്റേൺഘട്ട് (320100186)	5,99,964/-	24,050/-	5,99,964/-	0	6,24,014/-
ഹെൽത്ത് ഗ്രാന്റ് – 320100204	2,23,032/-	3,86,836/-	6,09,868/-	1,25,600/-	4,84,268/-
ഹെൽത്ത് ഗ്രാന്റ് (320100201)	1,39,875/-		1,39,875/-	1,39,875/-	0
ഹെൽത്ത് ഗ്രാന്റ് (320100202)	4,71,609/-	2,22721/-	6,94,330/-	2,78,042/-	4,16,288/-
ജലനിധി (320300102)	18,97,336/-	52,859/-	19,50,195/-	0	19,50,195/-
വട്ടവട മാതൃകഗ്രാമം	2,54,00,000/-		2,54,00,000/-	0	2,54,00,000/-
ശുചിത്വമിഷൻ	7,39,074/-		7,39,074/-	0	7,39,074/-
പകർച്ചവ്യാധി നിയന്ത്രണം – 320900102	2,11,545/-		2,11,545/-	0	2,11,545/-
ഐ.സി.ഡി.എസ്. – 320100196	3,62,966/-	23,58,531/-	27,21,497/-	6,05,476/-	21,16,021/-
ഐ.സി.ഡി.എസ്. – 320100125	11,67,304/-		11,67,304/-	11,67,304/-	0
ഗ്രാമീണ ജലവിതരണം - 320100101	25,510/-		25,510/-	0	25,510/-
എംപി.ഫണ്ട്.	24,275/-	0	24,275/-	0	24,275/-
കുടിവെള്ളഗ്രാന്റ്		26,104/-	26,104/-	26,104/-	0
മറ്റ് ധനകാര്യ സ്ഥാപന ഗ്രാന്റ് - 320400199		1,64,913/-	1,64,913/-	0	1,64,913/-
സ്ലോട്ടർ ഹൌസ് ഗ്രാന്റ്- 320200302		20,889/-	20,889/-	20,889/-	0
ഗ്രാന്റ് - 320200199	98,24,416/-	49,47,186/-	1,47,71,602/-	29,42,291/-	1,18,29,311/-

* ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്, അൺടൈഡ്)- പലിശയുൾപ്പെടെ ബാങ്കിൽ ലഭിച്ച തുക മാത്രമാണ്

വാർഷികധനകാര്യപത്രികയിൽ വരവായി ചേർത്തിരിക്കുന്നത്. ട്രഷറി മുഖേന ലഭിച്ച ഗ്രാന്റുകൾ ധനകാര്യപത്രികയിൽ വരവിലെടുത്തിട്ടില്ലാത്തതിനാൽ ഗ്രാന്റ് പത്രികയിലെ തുകയുമായി ആകെ വരവ് തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

* വികസനഫണ്ട് - എസ്.സി.പി., ധനകാര്യകമ്മീഷൻ ഗ്രാന്റ്-അൺടൈഡ്, മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം എന്നീയിനങ്ങളുടെ ഗ്രാന്റ് പത്രികയിലെ ആകെ ചെലവാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുകകൾ വാർഷികധനകാര്യപത്രികയിലെ ചെലവ് തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

* വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്തിട്ടുണ്ട്.

ഫണ്ട്	ലൈഫ് ലോൺ (₹)	അങ്കണവാടി ഓണറേറിയം (₹)
വികസനഫണ്ട് (പൊതുവിഭാഗം)	72,64,599/-	8,32,200/-
വികസനഫണ്ട് (എസ്.സി.പി.)	15,31,467/-	-
വികസനഫണ്ട് (റ്റി.എസ്.പി.)	14,13,559/-	-

പ്രസ്തുത തുകകളുടെ ചെലവ് വിവരം സുലേഖയിൽ പ്രതിഫലിക്കുന്നുണ്ടെങ്കിലും അടങ്കലായി ഉൾപ്പെടുത്തിയിട്ടില്ല.

* ധനകാര്യവകുപ്പിന്റെ 18.10.2022 – ലെ സ.ഉ.(കൈ)നം.179/2022/ധന. – പ്രകാരം, ആകെ റവന്യു ഡിമാന്റ് തുകയുടെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക്, വികസനഫണ്ടിന്റെ (പൊതുവിഭാഗം) ഒരു ശതമാനം പിഴ ഈടാക്കണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. പ്രസ്തുത നടപടിയ്ക്ക് 2022-2023 സാമ്പത്തികവർഷം മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്. 2023-2024 സാമ്പത്തികവർഷം റവന്യു പിരിവിൽ 90% കൈവരിക്കാതിരുന്നതിനാൽ തൻവർഷം വികസനഫണ്ട് പൊതുവിഭാഗം ഫണ്ടിൽനിന്ന് ₹1,49,040/- കുറവു വരുത്തിയിട്ടുണ്ട്.

പ്രസ്തുത തുക വാർഷിക കണക്കുകളിലെ വരവ് ചെലവുകളിൽ പ്രതിഫലിച്ചിട്ടില്ല.

* വെസ്റ്റേൺഘട്ട്, സ്ലോട്ടർ ഹൗസ് ഗ്രാന്റ്, ജലനിധി എന്നിവയിൽ വാർഷികകണക്ക് പ്രകാരം വരവില്ല. ജേണൽ എൻട്രി പ്രകാരം വരവായി തുക ഉൾപ്പെടുത്തി ക്രമീകരിച്ചിരിക്കുന്നതാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്. 32010125 എന്ന ഹെഡ് ഒഴിവാക്കുന്നതിന് വേണ്ടി ഐ.സി.ഡി.എസ്.(₹11,67,304/-), ടൈഡ് ഫണ്ട് (₹15,59,798/-) എന്നീ തുകകൾ ജേണൽ എൻട്രി മുഖേന വരവായി തുക ഉൾപ്പെടുത്തി ക്രമീകരിച്ചിരിക്കുന്നു. കൃത്യത പരിശോധിച്ചപ്പോൾ വട്ടവട മാതൃകഗ്രാമം പദ്ധതിയിൽ ശേഷിക്കുന്ന തുക ₹2,54,00,000/- മാത്രമാണെന്ന് കണ്ടതിനാൽ ടി തുകയാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രസ്തുത തുകയുടെ ബാക്കിയാണ് 320300199 എന്ന ഹെഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-3-1 ഗ്രാന്റ് വിനിയോഗം - നിശ്ചിതശതമാനം ചെലവഴിച്ചില്ല - 2026-2027 – ൽ ₹55,52,052/- ലാപ്സാകും

15.07.2021 – ലെ സ.ഉ.(കൈ)നം.79/2021/ധന. – പ്രകാരം, 2024-2025 സാമ്പത്തികവർഷം അനുവദിച്ച ഫണ്ടിന്റെ 80 % – ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 % മാത്രമെ അടുത്ത സാമ്പത്തികവർഷം ക്യാരി ഓവർ ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഗ്രാമപ്പഞ്ചായത്തിന് 2026-2027 – ൽ ₹55,52,052/- – യുടെ നഷ്ടപ്പെടും. ഉണ്ടാകും.

ഫണ്ടിനം	വരവ് (₹)	ചെലവ് (₹)	തൻവർഷം ചെലവ് ചെയ്യേണ്ടിയിരുന്ന തുക 80% (₹)	2025-2026 വർഷം ക്യാരി ഓവർ ചെയ്യുന്ന തുക (₹)	80% ചെലവില്ലാത്തതിനാൽ ലാപ്സായതും 2026-2027 വർഷം കുറവ് ചെയ്യുന്നതുമായ തുക (₹)
സംരക്ഷണ ഗ്രാന്റ്-റോഡ്	1,23,04,000/-	57,77,814/-	98,43,200/-	24,60,800/-	40,65,386/-
സംരക്ഷണ ഗ്രാന്റ്-റോഡിതരം	32,99,000/-	11,52,534/-	26,39,200/-	6,59,800/-	14,86,666/-
ആകെ					55,52,052/-

1-4 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 29.12.2023 – ൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും ചെയ്തു. തയ്യാറാക്കിയ കരട് പദ്ധതികൾ പദ്ധതിആസൂത്രണഗ്രാമസഭ/ഊരുകൂട്ടയോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 05.01.2024 – ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

വാർഷികപദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാരം നം./തീയതി - നം.677/24/DPC/DPO/IDK/20.01.2025

2024-2025 സാമ്പത്തികവർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതിച്ചെലവ് (₹)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%)
125	16,17,11,952/-	74	4,13,07,210/-	51	59.20

വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	അടങ്കൽ (₹)	ചെലവ് (₹)	ചെലവ് ശതമാനം (%)
കൃഷി ഓഫീസർ	4	1	15,64,547/-	28,155/-	1.80
വെറ്ററിനറി സർജൻ	10	8	65,12,433/-	25,64,000/-	39.37
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	16	12	34,05,312/-	20,70,826/-	60.81
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	2	2	1,30,000/-	1,18,559/-	91.20
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	10	3	47,15,908/-	23,18,251/-	49.16
വി.ഇ.ഒ.	9	8	11,31,40,000/-	1,18,40,202/-	10.47
സെക്രട്ടറി	33	20	1,83,19,903/-	14,99,943/-	82.32
അസിസ്റ്റന്റ് എഞ്ചിനീയർ	34	12	2,40,48,464/-	73,13,164/-	30.41
അസിസ്റ്റന്റ് സെക്രട്ടറി	5	0	9,57,200/-	0	0
മെഡിക്കൽ ഓഫീസർ (ഹോമിയോ)	2	2	60,000/-	54,110/-	90.18

ആകെ	125	74	16,17,11,952/-	4,13,07,210/-	25.54

വിവിധ പദ്ധതികൾക്ക് ആകെ വകയിരുത്തിയിരുന്ന ₹16,17,11,952/- – ൽ ₹4,13,07,210/- മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. കൃഷി ഓഫീസർ, വി.ഇ.ഒ., അസിസ്റ്റന്റ് എഞ്ചീനീയർ, വെറ്ററിനറി സർജൻ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ പദ്ധതികൾക്ക് ചെലവ് കുറവായത് വാർഷികപദ്ധതിച്ചെലവ് കുറയാൻ കാരണമായി. അസിസ്റ്റന്റ് സെക്രട്ടറി ഒരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. ഇതും ചെലവ് ശതമാനം കുറയുവാൻ ഇടയായി.

പദ്ധതിനിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിട്ടർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകങ്ങളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. നിർവ്വഹണം പൂർത്തിയാക്കിയ എല്ലാ പദ്ധതികളുടേയും ഫയലുകളിൽ പൂർത്തീകരണസാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ തയ്യാറാക്കി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വ്യക്തിഗതഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ അവർ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ടി ലിസ്റ്റ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളതാണെന്നും നിർവഹണോദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ, ഉപകരണങ്ങൾ, തൈകൾ, വിത്തുകൾ, വളർത്തു മൃഗങ്ങൾ/പക്ഷികൾ എന്നിവയെ നൽകുമ്പോൾ കൈപ്പറ്റ് രസീത് അല്ലെങ്കിൽ വിതരണരജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-5 തൊഴിലുറപ്പ് പദ്ധതി

ഫണ്ടിനം		മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
കേന്ദ്രാവിഷ്കൃത പദ്ധതി	തൊഴിലുറപ്പ് പദ്ധതി (ഭരണച്ചെലവുകൾ)	1,180/-	20,18,725/-	20,19,905/-	20,00,940/-	18,965/-
	തൊഴിലാളികളുടെ കൂലി	0	4,03,00,988/-	4,03,00,988/-	4,03,00,988/-	0

വാർഷികധനകാര്യപത്രികയിലെ ഭരണച്ചെലവുകൾ, തൊഴിലാളികളുടെ കൂലി എന്നീയിനങ്ങളുടെ വരവ്-ചെലവ് കണക്കുകളിലെ പൊരുത്തക്കേട് സംബന്ധിച്ച് വ്യക്തത തേടിയപ്പോൾ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട അക്കൌണ്ടന്റ് ലഭ്യമാക്കിയ വിശദാംശങ്ങൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കിയതിന് ശേഷമുള്ള കണക്കുകളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-6 ക്ഷേമപെൻഷനുകൾ

തൻവർഷം വിവിധ ക്ഷേമപെൻഷനുകൾക്ക് ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപെൻഷന്റെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
വിധവപെൻഷൻ	26,85,400/-	205
വാർദ്ധക്യകാലപെൻഷൻ	62,45,800/-	448
വികലാംഗപെൻഷൻ	6,97,600/-	205

1-7 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.09.2025 - ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹13,283/- (പതിമൂവായിരത്തിഇരുനൂറ്റിഎൺപത്തിമൂന്ന് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുന്നതിന് കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണസംവിധാനം സ്ഥാപനത്തിൽ പ്രവർത്തന സജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്വബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലനിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അടിസ്ഥാനം.

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തുനികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തി രജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പദ്ധതികളുടെ നിർവ്വഹണത്തിലെ പുരോഗതി അവലോകനം ചെയ്യുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തുന്നില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും പങ്കാളിത്തത്തോടെ പദ്ധതികളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന അപാകങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷികപദ്ധതിയുടെ നിർവ്വഹണഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടത്തുന്നില്ല.

പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതിനിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതിനിർവ്വഹണം മോണിട്ടർ ചെയ്യുന്നതിലും പദ്ധതിയുടെ പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.
പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

1-8-1 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ, ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കുകൾ പ്രകാരം നിർവ്വഹണോദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ

മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

1-8-2 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സാധനങ്ങളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തികവർഷാവസാനം സ്റ്റോക്കുകളുടെ ഭൗതിക പരിശോധന നടത്തി റിപ്പോർട്ട് രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.

1-8-3 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-8-4 ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കുന്നില്ല.

1-8-5 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കുന്നില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല.

1-9 ബി.എസ്.എൻ.എൽ.മൊബൈൽ ടവർ - വസ്തുനികുതിയുടെ കുടിശ്ശിക ₹4,78,788/- ഈടാക്കിയില്ല

വട്ടവട ഗ്രാമപ്പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെപ്പറയുന്ന രണ്ട് ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകൾ വസ്തുനികുതിയിനത്തിൽ ആകെ ₹4,78,788/- കുടിശ്ശിക വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

മൊബൈൽ ടവർ ഐ.ഡി./ കെട്ടിട നമ്പർ./വാർഡ്	വസ്തുനികുതിയിനത്തിലെ കുടിശ്ശിക (₹)	ഗ്രന്ഥശാലവരി (₹)	പിഴപലിശ (₹)	ആകെക്കുടിശ്ശിക (₹)
50581010002756/5/190, കോവിലൂർ നോർത്ത്	2,85,703/-	14,286/-	1,19,973/-	4,19,962/-
50581010002756/11/241 പഴത്തോട്ടം	40,015/-	2,003/-	16,808/-	58,826/-
ആകെ	3,25,718/-	16,289/-	1,36,781/-	4,78,788/-

കുടിശ്ശിക ഈടാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മേൽസ്ഥാപനങ്ങൾക്ക് കുടിശ്ശിക ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക ഒടുക്കിയിട്ടില്ല. കുടിശ്ശിക വരുത്തിയ മേൽ സ്ഥാപനങ്ങളിൽ നിന്ന് കുടിശ്ശിക ഈടാക്കാൻ വേണ്ട തുടർനടപടികൾ എടുക്കേണ്ടതാണ്.

1-10 വാടകക്കുടിശ്ശിക ഈടാക്കുന്നില്ല

2024-2025 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ, വട്ടവട ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്ന് ലഭിക്കേണ്ട വാടക, കുടിശ്ശികയായി അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കെട്ടിട നമ്പർ	വാടകക്കാരന്റെ/ സ്ഥാപനത്തിന്റെ പേര്	പ്രതിമാസ വാടക (₹)	കുടിശ്ശിക കാലയളവ്	ആകെ വാടകക്കുടിശ്ശിക (₹)

1	7/227	സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	1,974/-	04/2024 മുതൽ 03/2025 വരെ	23,688/-
2	7/272	സി.ഡി.എസ് – ജനകീയ ഹോട്ടൽ	14,587/-	04/2024 മുതൽ 03/2025 വരെ	1,75,044/-
3	7/274	ഭാഗ്യരാജ് – പൊതുബാർബർ ഷോപ്പ്	3,150/-	04/2024 മുതൽ 03/2025 വരെ	37,800/-
4	-	സ്വയം സഹായ ഗ്രീൻ ക്ലബ്, സ്വാമിയാറളക്കുടി	3,473/-	12/2024 മുതൽ 03/2025 വരെ	13,892/-
ആകെ					**2,50,424/-**

മേൽപ്പറഞ്ഞ കുടിശ്ശികക്കാരിൽ, സ്വയംസഹായ ഗ്രീൻ ക്ലബ്, സ്വാമിയാറളക്കുടി എന്നവരൊഴികെ, ബാക്കിയെല്ലാവരും 2023-2024 സാമ്പത്തികവർഷത്തിലും വാടകയിൽ കുടിശ്ശിക വരുത്തിയവരാണ്. എന്നിട്ടും അവരുമായി കരാർ പുതുക്കുകയോ കുടിശ്ശിക ഈടാക്കുകയോ മറ്റു നടപടികളെടുക്കുകയോ ചെയ്യാൻ തയ്യാറാകാതെ 2024-2025 - ലും വാടകയ്ക്ക് നൽകിയത് ക്രമവിരുദ്ധമാണ്. ഇതുവരെയുള്ള കുടിശ്ശിക ഒടുക്കുന്നതിനും 2025-2026 വർഷത്തേക്ക് കരാർ പുതുക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് 28.03.2025 – ൽ 660/2025 – നമ്പർ കത്ത് നൽകിയെങ്കിലും കരാർ പുതുക്കാനോ കുടിശ്ശിക ഒടുക്കാനോ ടിയാളുകൾ തയ്യാറാകാതെ കെട്ടിടങ്ങൾ അനധികൃതമായി കൈവശം വെച്ചുകൊണ്ടിരിക്കുന്നു. ടേബിളിൽ, ക്രമ നമ്പർ 1 മുതൽ 3 വരെയുള്ള വാടകക്കുടിശ്ശികക്കാരെ ഒഴിവാക്കി മുറികൾ ലേലം നടത്താൻ 2023-2024 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ടി അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.8/തീയതി. 17.09.2025) മറുപടി നൽകിയില്ല. മേൽ വ്യക്തികളിൽ നിന്ന് കുടിശ്ശിക ഈടാക്കാൻ വേണ്ട നടപടികളെടുക്കേണ്ടതാണ്. കുടിശ്ശിക നൽകാൻ തയ്യാറാകാത്തപക്ഷം ഇവരെ ഒഴിവാക്കി മുറികൾ ലേലം നടത്താൻ വേണ്ട നടപടികളെടുക്കേണ്ടതാണ്.

1-11 ലൈബ്രറി പ്രവർത്തനരഹിതമായി തുടരുന്നു

വട്ടവട ഗ്രാമപ്പഞ്ചായത്തിന്റെ മൂന്നാം നിലയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ 'അഭിമന്യു മഹാരാജാസ് ലൈബ്രറി' എന്ന പേരിൽ ഒരു ലൈബ്രറി 14.01.2019 – ന് ഉദ്ഘാടനം നിർവ്വഹിക്കുകയും കുറച്ച് മാസങ്ങൾ പ്രവർത്തിക്കുകയും ചെയ്തിരുന്നു. ലോകത്ത് ആർക്കും ഓൺലൈനായി പുസ്തകം വായിക്കാനും വായനശാലയിൽ അംഗമാകാനും സാധിക്കുന്ന വിധത്തിലാണ് ലൈബ്രറി വിഭാവനം ചെയ്തിരുന്നത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള അക്കാദമിക വിദഗ്ധരുമായി ബന്ധപ്പെട്ട് വീഡിയോ കോൺഫറൻസ് വഴി പി.എസ്.സി. കോച്ചിംഗ് സംവിധാനവും ഒരുക്കാൻ പദ്ധതിയിട്ടിരുന്നു. ഇതിനായി ലക്ഷങ്ങൾ ചെലവഴിച്ച് കമ്പ്യൂട്ടറുകളും അനുബന്ധസാമഗ്രികളും വാങ്ങിക്കുകയും ചെയ്തിരുന്നു. ലൈബ്രറിക്കായി സജ്ജീകരിച്ച ഹാളിൽ 20 ചില്ലലമാരകളിലായി എണ്ണായിരത്തോളം പുസ്തകങ്ങളും ഷെൽഫിൽ സ്ഥല സൌകര്യമില്ലാത്തതിനാൽ അഞ്ഞൂറിൽ പരം പുസ്തകങ്ങൾ തറയിലുമായി സൂക്ഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.14/18.09.2025 - ന് മറുപടി നൽകിയില്ല.

വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക നം.1-13 പ്രകാരം, ലൈബ്രറി പ്രവർത്തനക്ഷമമല്ലെന്നും പ്രവർത്തനക്ഷമമാക്കാനുള്ള നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ലെന്നും പരാമർശിച്ചിരുന്നു. ലൈബ്രറിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് അന്വേഷണക്കുറിപ്പ് (നം.17/തീയതി. 18.09.2025) നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. 2024-2025 വർഷത്തെ ഓഡിറ്റ് വേളയിലും ലൈബ്രറി പ്രവർത്തനക്ഷമമായിട്ടില്ല. ലൈബ്രറി പ്രവർത്തനക്ഷമമാക്കാനുള്ള നടപടികളെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-12 വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചു

22.03.2023 – ലെ സ.ഉ(കൈ)നം.77/2023/ത.സ്വ.ഭ.വ. - ഉത്തരവ് പ്രകാരം, പഞ്ചായത്ത് ഭരണസമിതി 09.08.2023 – ലെ 3/1 – നമ്പർ തീരുമാനത്തിൽ 01.04.2023 മുതൽ പ്രാബല്യത്തിൽ പുതുക്കിയ നികുതി നിരക്കുകൾ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 2024-2025 വർഷത്തെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ പുതുക്കിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കാത്തതിനാൽ ചുവടെ ചേർക്കും വിധം നഷ്ടമുണ്ടായിട്ടുണ്ട്.

ക്രമ നം.	കെട്ടിട നം., ഉടമസ്ഥന്റെ പേര്	കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ)	ഈടാക്കിയ നികുതി നിരക്ക്	ഈടാക്കേണ്ട നികുതി നിരക്ക്	കുറവ് വന്ന നിരക്ക് (5-4)	കുറവ് വന്ന അടിസ്ഥാന നികുതി (3*6)	ഇളവ് നിരക്ക് (%)	വർദ്ധന നിരക്ക് (%)	ഇളവ് (7*8/100)	വർദ്ധന (7*9/100)	കുറവ് വന്ന നികുതി (7-10+11)	കുറവ് വന്ന ലൈബ്രറി സെസ് (12*5/100)
1	2	3	4	5	6	7	8	9	10	11	12	13
1	8/312, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	40.83	30	50	20	816.6	20	20	163.32	163.32	817	41
2	8/314, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	124.04	60	70	10	1240.4	10	20	124.04	248.08	1364	68
3	8/313/A, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	40.83	5	7	2	81.66	20	20	16.332	16.332	82	4
4	8/315, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	39.7	5	7	2	79.4	20	20	15.88	15.88	79	4
5	8/316, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	59.4	30	40	10	594	10	20	59.4	118.8	653	33
6	8/317, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	139.64	5	7	2	279.28	20	20	55.856	55.856	279	14
7	8/318, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	134.3	40	50	10	1343	10	20	134.3	268.6	1477	74

8	8/319, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	157.2	30	40	10	1572	10	20	157.2	314.4	1415	71
9	8/320, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	101.88	30	40	10	1018.8	10	20	101.88	203.76	1121	56
10	8/321, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	22	40	50	10	220	20	20	44	44	220	11
11	8/322, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	42.12	30	50	20	842.4	10	20	84.24	168.48	927	46
12	8/323, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	115	40	50	10	1150	10	20	115	230	1265	63
13	8/324, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	26.7	60	70	10	267	10	20	26.7	53.4	320	16
14	8/325, അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ, പാമ്പാടുംഷോല നാഷണൽ പാർക്ക്, കോവിലൂർ സൌത്ത്	26.7	60	70	10	267	10	20	26.7	53.4	320	16
15	8/329 അബ്ദുൽ മനാഫ്, അരിമ്പാശ്ശേരി വീട്, വാഴക്കുളം, മുഹമ്മദ് ആഷിഖ് യു എ, ഉള്ളാടത്ത് മുബാറക് മൻസിൽ, ആലുവ ഈസ്റ്റ്, മനോജ്, താമരശ്ശേരി വീട്, വാഴക്കാല	334	60	70	10	3340	0	20	0	668	4008	200
16	6/135/B, ലാവണ്യ എം, സസ്തിക ഭവൻ, കോവിലൂർ വെസ്റ്റ്	50.28	5	7	2	100.56	10	20	10.06	20.12	111	6

17	5/190, BSNL മൊബൈൽ ടവർ, കോവിലൂർ നോർത്ത്	68.76	500	600	100	6876	0	0	0	0	6876	344
18	11/210/D, സിജി കെ വി, മുല്ലശ്ശേരി വീട്, പള്ളിപ്പുറം, ചെറായി	161.55	80	90	10	1615.5	20	0	323.1	0	1292	65
19	11/241, BSNL മൊബൈൽ ടവർ, പഴത്തോട്ടം	9.63	500	600	100	963	0	0	0	0	963	48
						ആകെ					**23,589**	**1,180**

മേൽ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപ്പഞ്ചായത്തുകൾക്ക്, വർഷംതോറും 5 % നിരക്കിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കാവുന്നതാണ്. നികുതി നിർണ്ണയത്തിലുണ്ടായ മേൽപ്പറഞ്ഞ അപാകങ്ങൾ മൂലം വർഷംതോറും പഞ്ചായത്തിനുണ്ടാകുന്ന വരുമാനനഷ്ടം ആനുപാതികമായി വർധിച്ചു കൊണ്ടിരിക്കും. ആയതിനാൽ നികുതി നിർണ്ണയം കൃത്യമാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ അന്വേഷണക്കുറിപ്പ് (നം.19/തീയതി. 19.09.2025) നൽകിയിരുന്നെങ്കിലും മറുപടി നൽകിയില്ല.

1-13 സംരക്ഷണഭിത്തി നിർമ്മാണം - അധികം തുക അനുവദിച്ചു - നഷ്ടം ₹33,778/-

പദ്ധതി നം./പദ്ധതിയുടെ പേര്	(99/2024-2025) മന്ത - ഗ്രാമപ്പഞ്ചായത്ത് - കൊട്ടാകൊമ്പൂർ – റോഡ് മെയിന്റനൻസും സംരക്ഷണഭിത്തി നിർമ്മാണവും
അടങ്കൽ (₹)	17,36,000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
ആകെച്ചെലവ് (₹)	15,43,828/-
ബിൽ നം./തീയതി/തുക (₹)	24100352010600268109/16.05.2024/13,98,308/-
	24100352010600667040/12.09.2024/1,45,520/-
ഫയൽ നമ്പർ	LSGD/CELSGD/EST/121101/2023
കരാറുകാരൻ	ശ്രീ ജോസ് വർഗ്ഗീസ് മാത്യു
കരാർ നം.	02/AE/LID&EW/VTD/23-24/29.01.2024
അളവ് പുസ്തകം	E- M Book

ഗ്രാമപ്പഞ്ചായത്തിൽ, 2024-2025 വർഷം, അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മേൽ സൂചിപ്പിച്ച റോഡ് മെയിന്റനൻസും സംരക്ഷണഭിത്തി നിർമ്മാണവും എന്ന പ്രവൃത്തി വട്ടവടഗ്രാമപ്പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ, ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 16.09.2025 – ൽ നേരിട്ടുള്ള പരിശോധനയിൽ സംരക്ഷണഭിത്തി നിർമ്മാണത്തിൽ യഥാർത്ഥത്തിൽ ചെയ്തിരിക്കുന്ന കോൺക്രീറ്റ് അളവിനെക്കാൾ (നീളം 10.75 മീറ്റർ,ഉയരം 5.25 മീറ്റർ) അധികം അളവ് ബുക്കിൽ രേഖപ്പെടുത്തുകയും (നീളം 10.75 മീറ്റർ, ഉയരം 5.40 മീറ്റർ), കോൺക്രീറ്റിംഗിനായി ഉപയോഗിച്ചിരിക്കുന്ന Vertical Bar 10 എം.എം. കമ്പി എന്നിരിക്കെ 12 എം.എം. കമ്പിയുടെ നിരക്ക് അനുവദിക്കുകയും ചെയ്തു. തൻമൂലം കരാറുകാരന് അധികം തുക നൽകേണ്ടിവന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	അളവ് ബുക്ക് പ്രകാരമുള്ള ഇനം നം /ഇനം	അളവ് ബുക്ക് പ്രകാരം ചെയ്ത അളവ് M^3	നൽകിയ തുക (₹)	പരിശോധനയിൽ കണ്ടെത്തിയ അളവ് M^3	നൽകാവുന്ന തുക (₹)	അധികം നൽകിയ തുക (₹)
1	1.004, 12.5.1.1 Plain/ Reinforced Cement Concrete In Substructure Complete As Per Drawings And Technical Specification Clauses 802, 804, 805, 806, 807, 1202 Ans 1204 For Height	Third Lift 10.75x1.40x1.10 = 16.555	1,22,694.73 (16.555x7411.34)	10.75x1.40x0.95 =14,297 M^3	1,05,959.92 14.297x7411.34	16,734.81 + 18% GST = 3012.26 =19,747.07

	Upto 5 M I. P.C.C Grade M 15 (I) Nominal Mix (1:2.5:5)					
2	1.005, 12.7 Supplying, Fitting And Placing TMT Bar Reinforcement (Fe 415) In Substructrue Complete As Per Drawings And Technical Specification Clauses 1002, 1005, 1010 & 1202	Vertical Bar 12 Mm Dia 70x6x0.000888 = 0.37300 Ton	30,324.36 (81,298.56 X 00888)	10 Mm Dia 70x5.25x0.000617 7,888/- = 0.22674 Ton	18,433.63 (81,298.56 X 0.000617)	11,890.73 +18% GST =2,140.33 =14,031.06
	ആകെ അധികം നൽകിയത്					33,778.13 33,778/-

അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/തീയതി, 17.09.2025) മറുപടി നൽകിയില്ല. ആയതിനാൽ അധികം നൽകിയ തുക ₹33,778/- കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-14 വനിതഗ്രൂപ്പുകൾക്ക് കോഴിക്കുഞ്ഞ് വിതരണം - വാങ്ങിയ കോഴിക്കുഞ്ഞുങ്ങളെ പൂർണ്ണമായും വിതരണം ചെയ്തില്ല - ₹45,120/- നിരാകരിക്കുന്നു - മറ്റ് അപാകങ്ങൾ ₹4,34,880/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	104/2024-25 വനിതഗ്രൂപ്പുകൾക്ക് കോഴിക്കുഞ്ഞ് വിതരണം	
അടങ്കൽ (₹)	22,68,433/-	12,67,433/- വികസനഫണ്ട് (പൊതുവിഭാഗം)
		10,01,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
നിർവ്വഹണോദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ	
ആകെച്ചെലവ് (₹)	4,80,000/-	
ബിൽ നം./തീയതി	24100352011300978541/03.12.2024	

വനിതഗ്രൂപ്പുകളിൽ ഉൾപ്പെട്ട വനിതകൾക്ക് 5 കോഴിക്കുഞ്ഞുങ്ങൾ വീതം വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതിക്ക്, മാളു എഗ്ഗർ നേഴ്സറി, ചെങ്ങന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും 02.12.2024 – ലെ ഇൻവോയിസ് നമ്പർ.10 പ്രകാരം, ഒരു കോഴിക്കുഞ്ഞിന് ₹120/- എന്ന നിരക്കിൽ, 46 മുതൽ 60 ദിവസം വരെ പ്രായമുള്ള 4000 കോഴിക്കുഞ്ഞുങ്ങളെ വാങ്ങി 176 ജെ.എൽ.ജി. ഗ്രൂപ്പുകളിലെ വനിതകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മേൽ സൂചിത ഇൻവോയിസ് പ്രകാരം, വാങ്ങിയ 4000 കോഴിക്കുഞ്ഞുങ്ങളിൽ 3624 കോഴിക്കുഞ്ഞുങ്ങളെ മാത്രമാണ് വിതരണം ചെയ്തത്. ബാക്കി 376 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടില്ല. വിതരണം ചെയ്യാത്ത കോഴിക്കുഞ്ഞുങ്ങളുടെ വിലയായ ₹45,120/- (376 X₹120/-) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. 28.05.2022 – ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. നം. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 06.03.2025 പ്രകാരം, വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങൾ 45 മുതൽ 60 ദിവസം വരെ പ്രായമുള്ളവയായിരിക്കണം എന്ന് നിർദ്ദേശിച്ചിരിക്കെ, 25.10.2024 – ൽ വിരിഞ്ഞ കോഴിക്കുഞ്ഞുങ്ങളെ

02.12.2024 – ൽ സപ്ലൈ ചെയ്തിരിക്കുന്നു. അതായത് സപ്ലൈ ചെയ്യുമ്പോൾ കോഴിക്കുഞ്ഞുങ്ങളുടെ പ്രായം 38 ദിവസം മാത്രമാണ്. ഇൻവോയിസിൽ വിതരണം ചെയ്ത കോഴിക്കുഞ്ഞുങ്ങളുടെ പ്രായം 46 മുതൽ 60 ദിവസം എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്, പരിശോധിക്കാതെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്തിരിക്കുന്നു.

3. അപേക്ഷകൾ അപൂർണ്ണമാണ്. മിക്ക അപേക്ഷകളിലും വനിതാഗ്രൂപ്പുകളിൽ എത്ര അംഗങ്ങൾ ഉണ്ട് എന്നോ ഓരോ അംഗങ്ങൾക്കും എത്ര കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തുവെന്നോ ഉള്ള വിവരങ്ങൾ ഫയലിൽ ഇല്ല.

4. വനിതാഗ്രൂപ്പിലെ അംഗങ്ങൾക്ക് തുല്യമായ എണ്ണത്തിലല്ലാതെ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിരിക്കുന്നു.

വാങ്ങിയ കോഴിക്കുഞ്ഞുങ്ങളെ പൂർണ്ണമായും വിതരണം ചെയ്യാത്തതിനും മറ്റ് അപാകങ്ങൾക്കും വിശദീകരണം ആവശ്യപ്പട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/തീയതി. 16.09.2025) മറുപടി നൽകിയില്ല. ആയതിനാൽ വിതരണം ചെയ്യാത്ത 376 കോഴിക്കുഞ്ഞുങ്ങളുടെ വിലയായ ₹45,120/- (376 X ₹120/-) ഓഡിറ്റിൽ നിരാകരിക്കുന്നു. മറ്റ് അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹4,34,880/- (ആകെ ചെലവഴിച്ച ₹4,80,000/- – ൽ നിരാകരിച്ച തുകയായ ₹45,120/- കിഴിച്ചുള്ള തുക) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-15 വൃദ്ധർക്ക് കമ്പിളിപ്പുതപ്പ് വിതരണം - വിതരണരേഖകൾ ലഭ്യമാക്കിയില്ല - ₹4,99,550/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	147/25, വൃദ്ധർക്ക് കമ്പിളിപ്പുതപ്പ് വിതരണം
അടങ്കൽ (₹)	5,00,000/- (വികസനഫണ്ട് – പൊതുവിഭാഗം)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ് (₹)	4,99,550/-
ബിൽ നം./തീയതി	241003520158015694 75/17.03.2025

മേൽ പദ്ധതി പ്രകാരം, വൃദ്ധർക്ക് കമ്പിളിപ്പുതപ്പ് വിതരണം ചെയ്യുന്നതിന്, കമ്പിളിപ്പുതപ്പ് ഒന്നിന് ₹970/- നിരക്കിൽ 515 പുതപ്പ് വാങ്ങിയെങ്കിലും വിതരണരജിസ്റ്ററിൽ കേവലം 17 ഗുണഭോക്താക്കൾക്ക് മാത്രം വിതരണം ചെയ്തതിന്റെ വിവരംമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വാർഡുകളിൽ വിതരണം ചെയ്യുന്നതിന്, ആറ് വാർഡ് മെമ്പർമാർ പുതപ്പുകൾ കൈപ്പറ്റിയതായും വിതരണരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നേരിട്ട് വിതരണം ചെയ്യാൻ ആവിഷ്കരിച്ച പദ്ധതിയിൽ വാർഡ് മെമ്പർമാരെ വിതരണം ചുമതലയേൽപ്പിച്ചതിന്റെ കാരണം വ്യക്തമല്ല. ഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കാതിരുന്നതിനാൽ കമ്പിളിപ്പുതപ്പ് വിതരണം ചെയ്തത് യഥാർത്ഥ ഗുണഭോക്താക്കൾക്കാണോ എന്ന് ഉറപ്പാക്കാനായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/തീയതി. 19.09.2025) മറുപടി നൽകിയില്ല. വിതരണരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ഈ പദ്ധതിക്ക് ചെലവഴിച്ച ₹4,99,550/- തടസ്സപ്പെടുത്തുന്നു.

1-16 ആശ്രയ - പദ്ധതി ഫണ്ട് പൂർണ്ണമായി വിനിയോഗിച്ചില്ല

പദ്ധതി നം./പദ്ധതിയുടെ പേര്	47/25, ആശ്രയ പദ്ധതി
അടങ്കൽ (₹)	1,00,000/- (വികസന ഫണ്ട് – പൊതുവിഭാഗം)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ് (₹)	1,00,000/-

ബിൽ നം./തീയതി	24100352015801561301/17.03.2025

വട്ടവട ഗ്രാമപ്പഞ്ചായത്തിൽ നിന്നും അഗതിരഹിത കേരളം എന്ന പദ്ധതി നടപ്പാക്കുന്നതിന് സൂചിത ബിൽ പ്രകാരം ₹1,00,000/- കുടുംബശ്രീ അക്കൗണ്ടിലേക്ക് നൽകിയിരുന്നു. പ്രസ്തുത തുകയിൽ ഇതുവരെ ₹28,994/- മാത്രമാണ് ചെലവഴിച്ചത്. സി.ഡി.എസ്. – ന് പാൻ കാർഡ് ഇല്ലെന്ന കാരണത്താൽ ഇടപാടുകൾ ബാങ്ക് തടഞ്ഞെന്നും ജൂലൈ മാസാവസാനം പാൻ കാർഡ് ലഭിച്ചതിനാൽ ആഗസ്റ്റ് മാസം മുതൽ കിറ്റ് വിതരണം പുനരാരംഭിച്ചെന്നും തുടർന്നുള്ള മാസങ്ങളിൽ കിറ്റ് കൃത്യമായി വിതരണം ചെയ്ത് പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും കുടുംബശ്രീ മെമ്പർ സെക്രട്ടറി രേഖാമൂലം അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള ₹71,006/- – യുടെ ചെലവ് വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-17 ഫെസ്റ്റിവൽ അഡ്വാൻസ് - ₹43,000/- കുടിശ്ശിക - നാളിതുവരെ തിരികെ ഈടാക്കിയില്ല

വട്ടവട ഗ്രാമപ്പഞ്ചായത്തിന്റെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ജീവനക്കാർക്ക് ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയ തുകയിൽ ₹43,000/- തിരികെ ഈടാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ജീവനക്കാരന്റെ പേര്	നൽകിയ സാമ്പത്തികവർഷം	നൽകിയ തുക (₹)	തിരികെ ഈടാക്കിയ തുക (₹)	കുടിശ്ശിക(₹)
1	ശ്രീ കൃഷ്ണപിള്ള കെ. പി.	2022-2023	20,000/-	4,000/-	16,000/-
2	ശ്രീ രാംദാസ് എം.	2022-2023	20,000/-	12,000/-	8,000/-
3	ശ്രീ രാകേഷ് എസ്.കെ.	2021-2022	10,000/-	10,000/-	10,000/-
4	ശ്രീ ശങ്കർ ഐ.	2017-2018	15,000/-	6,000/-	9,000/-
ആകെ					43,000/-

മേൽപ്പറഞ്ഞ ജീവനക്കാർക്ക് നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ് തിരികെ ഈടാക്കാത്തതിന്റെ കാരണം വിശദമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.9/തീയതി.17.09.2025) നൽകിയതിന്, കുടിശ്ശിക വരുത്തിയ മേൽ ജീവനക്കാരെ നേരിട്ട് ബന്ധപ്പെട്ടിരുന്നുവെന്നും കുടിശ്ശിക ഉടൻ തീർപ്പാക്കാമെന്ന് ടിയാളുകൾ ഉറപ്പു നൽകിയിട്ടുണ്ടെന്നുമാണ് മറുപടി നൽകിയത്. കുടിശ്ശികയുള്ള തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്ന് ഈടാക്കി പ്രസ്തുത ചലാനുകളുടെ പകർപ്പുകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-18 സപ്ലൈകോ അരി - അങ്കണവാടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

പദ്ധതി നം./പദ്ധതിയുടെ പേര്	73/25, അങ്കണവാടികൾക്ക് പോഷകാഹാരവിതരണം (എസ്.സി.പി.)
അടങ്കൽ (₹)	9,00,000/- (വികസനഫണ്ട് – എസ്.സി.പി.)
നിർവ്വഹണോദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
ചെലവ് (₹)	46,755/-
ബിൽ നം./തീയതി	24100352010700652594/06.09.2024

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സപ്ലൈകോയിൽ നിന്ന് സൗജന്യമായി ലഭിക്കുന്ന അരി, വിവിധ അങ്കണവാടികളിൽ വിതരണം ചെയ്തതിന്റെ വണ്ടിക്കൂലിയിനത്തിൽ, മേൽ ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ സപ്ലൈകോയിൽ നിന്ന് ചുവടെ ചേർക്കുന്ന ബില്ലുകൾ പ്രകാരം ലഭിച്ച അരി സ്റ്റോക്കിലെടുത്ത് അങ്കണവാടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

സപ്ലൈകോ ബിൽ നം./തീയതി	അരിയുടെ അളവ്(കി.ഗ്രാം.)
SUP/0603901/24/2/18.04.2024	800
SUP/0603901/24/52/21.06.2024	1000
SUP/0603901/24/53/21.06.2024	450

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/19.09.2025) മറുപടി ലഭിച്ചില്ല. വിതരണ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-19 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

പദ്ധതി നം./ പദ്ധതിയുടെ പേര്	43/25, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ (₹)	50,000/-
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)
ചെലവ് (₹)	50,000/-
ബിൽ നം./തീയതി	24100352011101413788/03.03.2025

മേൽ പദ്ധതി പ്രകാരം മരുന്ന് വാങ്ങുന്നതിന് ആകെ ₹50,000/- ഹോംകോയിൽ ഒടുക്കിയിരുന്നെങ്കിലും ₹42,038/- യുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചത്. ₹7,962/- – യുടെ മരുന്നുകൾ നാളിതുവരെയും ലഭിച്ചില്ല. ₹7,962/- – യുടെ മരുന്ന് അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും അവ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിവരം അറിയിക്കേണ്ടതുമാണ്. മരുന്ന് വാങ്ങൽ പദ്ധതികൾ സമയബന്ധിതമായി ഏറ്റെടുക്കുന്നതിനും സാമ്പത്തികവർഷാവസാനം വരെ കാത്തിരിക്കാതെ മുൻകൂട്ടി തുക ഒടുക്കി മരുന്ന് ലഭ്യത ഉറപ്പാക്കേണ്ടതുമാണ്.

1-20 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതികൾ നടപ്പാക്കിയില്ല

₹9,57,200/- (ഒൻപത് ലക്ഷത്തി അൻപത്തിയേഴായിരത്തി ഇരുനൂറ് രൂപ മാത്രം) വകയിരുത്തി 5 പദ്ധതികളുടെ നിർവഹണച്ചുമതല അസിസ്റ്റന്റ് സെക്രട്ടറിയെ ഏൽപിച്ചിരുന്നെങ്കിലും ഒരു പദ്ധതിയും നടപ്പാക്കിയില്ല. പദ്ധതികൾ നടപ്പിലാക്കാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/തീയതി. 18.09.2025), അസിസ്റ്റന്റ് സെക്രട്ടറിയായി 22.01.2025 – ൽ ചാർജ്ജ് എടുത്തതെന്നും അതുവരെയും അസിസ്റ്റന്റ് സെക്രട്ടറിക്ക് ഡി.ഡി.ഒ. എന്ന നിലയിൽ ട്രഷറിയിൽ ബിൽ ബുക്കോ ലോഗിനോ പദ്ധതിയോ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ലെന്നും 2024-2025 വർഷം വി.ഇ.ഒ. നടപ്പിൽ വരുത്താത്ത പദ്ധതികളാണ് ആ സമയം പദ്ധതി റിവിഷനിലൂടെ അസിസ്റ്റന്റ് സെക്രട്ടറിയുടെ പദ്ധതികളാക്കുകയാണ് ചെയ്തതെന്നും ഫെബ്രുവരി മാസം ആദ്യമായാണ് ഇത്തരത്തിൽ പദ്ധതി റിവിഷൻ നടത്തിയതെന്നും ഉടൻതന്നെ ട്രഷറിയിൽ ലോഗിനായി അപേക്ഷിക്കുകയും രണ്ടാഴ്ചയ്ക്കുള്ളിൽ ലോഗിൻ ലഭിച്ചെങ്കിലും ട്രഷറിയിലെ സാങ്കേതികതടസ്സം കാരണം പദ്ധതികൾ നടപ്പിലാക്കുവാൻ സാധിച്ചില്ലെന്നുമാണ് മറുപടി നൽകിയത്. ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-21 കുടുംബാരോഗ്യകേന്ദ്രം (എഫ്.എച്ച്.സി.) - ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ (എച്ച്.എം.സി.)വാർഷികക്കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുന്നില്ല

1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 173-എ പ്രകാരം, പഞ്ചായത്തിന് കൈമാറിയ ഓരോ പൊതുജനാരോഗ്യസ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജ്മെന്റ് കമ്മിറ്റി, നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് 23.08.2003 – ലെ സ.ഉ.(അ)നം.259/2003/ത.സ്വ.ഭ.വ. (എസ്.ആർ.ഒ. നമ്പർ. 837/2003) എന്ന വിജ്ഞാപനപ്രകാരം 2003 – ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റികൾ) ചട്ടങ്ങൾ പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ചട്ടങ്ങൾ അതിലംഘിച്ച് ഇതേ പേരോടുകൂടി 2010-ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചു (15.06.2010 – ലെ സ.ഉ.(കൈ)നം.125/2010/ത.സ്വ.ഭ.വ.

(എസ്.ആർ.ഒ. നമ്പർ. 598/2010). പ്രസ്തുത ചട്ടങ്ങളിലെ, ചട്ടം 9(1) – ലൂടെ ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികളുടെ ഫണ്ട് ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. എന്നാൽ വട്ടവട ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വട്ടവട എഫ്.എച്ച്.സി. ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ നാളിതു വരെ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം, ഗ്രാമപ്പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് പഞ്ചായത്ത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എഫ്.എച്ച്.സി. – യുടെ മുൻവർഷങ്ങളിലുൾപ്പടെയുള്ള എച്ച്.എം.സി. – യുടെ വാർഷികകണക്കുകൾ സമയബന്ധിതമായി ഓഡിറ്റിന് വിധേയമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-22 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികൾ - വിതരണരേഖകൾ ലഭ്യമാക്കിയില്ല - ₹4,71,384/- തടസ്സപ്പെടുത്തുന്നു.

(I)

പദ്ധതി നം./പദ്ധതിയുടെ പേര്	100/25, അങ്കണവാടികൾക്ക് കളി ഉപകരണങ്ങൾ
അടങ്കൽ (₹)	1,50,000/- (വികസനഫണ്ട് - പൊതുവിഭാഗം)
നിർവ്വഹണോദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
ചെലവ് (₹)	1,48,104/-
ബിൽ നം./തീയതി	24100352010700598408/29.08.2024

മേൽ പദ്ധതി പ്രകാരം, ടെണ്ടർ നടപടികൾ സ്വീകരിച്ച് അങ്കണവാടികൾക്ക് വിതരണം ചെയ്യാനായി 18 വീതം ട്രൈസൈക്കിൾ, അഡ്ജസ്റ്റബിൾ ബാസ്കറ്റ് ബോൾ സെറ്റ്, എലിഫന്റ് ത്രീവേ റോക്കർ, റോക്കർ ഫാൻസി JR PGS-401F എന്നീ കളി ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ടെങ്കിലും അവ സ്റ്റോക്കിലെടുത്ത് അങ്കണവാടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

(II)

പദ്ധതി നം./പദ്ധതിയുടെ പേര്	101/25, അങ്കണവാടികൾക്ക് അധികസൗകര്യങ്ങൾ ഒരുക്കൽ
അടങ്കൽ (₹)	4,52,418/- (വികസനഫണ്ട് പൊതുവിഭാഗം)
നിർവ്വഹണോദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
ആകെ ചെലവ് (₹)	3,23,280/-
ബിൽ നം./തീയതി/തുക (₹)	24100352010700767341/09.10.2024/1,10,880/-
	24100352010700767343/09.10.2024/2,12,400/-

മേൽ പദ്ധതി പ്രകാരം, ടെണ്ടർ നടപടികൾ സ്വീകരിച്ച് അങ്കണവാടികൾക്ക് വിതരണം ചെയ്യാനായി 18 വീതം സ്റ്റീൽ അലമാര, പ്രഷർ കുക്കർ, ഓഫീസ് ടേബിൾ, 72 പ്ലാസ്റ്റിക് ചെയർ (ഒരു അങ്കണവാടിയ്ക്ക് നാല് വീതം) എന്നീ ഫർണിച്ചർ വാങ്ങിയിട്ടുണ്ടെങ്കിലും അവ സ്റ്റോക്കിലെടുത്ത് അങ്കണവാടികൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/19.09.2025) മറുപടി നൽകിയില്ല. ആയതിനാൽ മേൽ രണ്ട് പദ്ധതികൾക്ക് ആകെ ചെലവഴിച്ച ₹4,71,384/- (₹1,48,104/- + ₹3,23,280/-) തടസ്സപ്പെടുത്തുന്നു.

1-23 സാമൂഹ്യസുരക്ഷാപെൻഷൻ - അനർഹമായ കാലയളവിൽ തുക അനുവദിച്ചു

ഗ്രാമപ്പഞ്ചായത്തിലെ സാമൂഹ്യസുരക്ഷാപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട സേവനപെൻഷൻ സോഫ്റ്റ്വെയറിൽ ക്രോഡീകരിച്ച വിവരങ്ങൾ തൻവർഷത്തെ സിവിൽ രജിസ്ട്രേഷൻ രേഖകൾ ആസ്പദമാക്കി പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ നിക്ഷേപിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താക്കളുടെ പേര്	പെൻഷണർ ഐഡി	മരിച്ച തീയതി	അനർഹമായ കാലയളവ്	നിക്ഷേപിച്ച തുക (₹)	പെൻഷൻ ഇനം
1	ശ്രീമതി മീനമ്മൽ എം.	Xxx0097	13.09.2024	10/2024 മുതൽ 07/2025 വരെ	16,000/-	വിധവപെൻഷൻ
2	ശ്രീ രാമൻ	Xxx00434	25.06.2024	07/2024 മുതൽ 07/2025 വരെ	20,800/-	വാർദ്ധക്യകാല പെൻഷൻ
3	ശ്രീമതി തങ്കമ്മ	Xxx0018	18.06.2024	07/2024 മുതൽ 07/2025 വരെ	20,800/-	വാർദ്ധക്യകാല പെൻഷൻ
4	ശ്രീ ജി.സെൽവം	Xxx0552	23.05.2024	06/2024 മുതൽ 07/2025 വരെ	22,400/-	വാർദ്ധക്യകാല പെൻഷൻ
5	ശ്രീമതി മാരിയമ്മാൾ ആർ.	Xxx0243	25.03.2024	04/2024 മുതൽ 07/2025 വരെ	25,600/-	വാർദ്ധക്യകാല പെൻഷൻ
6	ശ്രീ മാരി സുപ്പൻ	Xxx3680	07.05.2024	06/2024 മുതൽ 07/2025 വരെ	22,400/-	ക്ഷേമനിധി ബോർഡ് പെൻഷൻ
7	ശ്രീമതി കൃഷ്ണമ്മാൾ	Xxx0045	05.09.2024	10/2024 മുതൽ 07/2025 വരെ	16,000/-	വിധവപെൻഷൻ
8	ശ്രീ എം.കെ കുമാരസ്വാമി	Xxx 7141	02.06.2024	07/2024 മുതൽ 07/2024 വരെ	20,800/-	ക്ഷേമനിധി ബോർഡ് പെൻഷൻ
9	ശ്രീ രാമസ്വാമി കാമരാജ്	Xxx 0020	25.03.2024	04/2024 മുതൽ 07/2025 വരെ	25,600/-	വാർദ്ധക്യകാല പെൻഷൻ
10	ശ്രീ എസ്.എസ് പാണ്ഡ്യൻ	Xxx 3650	13.04.2024	05/2024 മുതൽ 07/2025 വരെ	22,400/-	ക്ഷേമനിധി ബോർഡ് പെൻഷൻ
11	ശ്രീ പെരുമാൾ	Xxx 3005	26.01.2024	2/2024 മുതൽ 07/2025 വരെ	27,200/-	ക്ഷേമനിധി ബോർഡ് പെൻഷൻ
12	ശ്രീമതി തങ്കമ്മാൾ സി. ചിന്നരാജ്	Xxx 0132	21.01.2024	2/2024 മുതൽ 07/2025 വരെ	27,200/-	വാർദ്ധക്യകാല പെൻഷൻ
13	ശ്രീമതി നാഗമ്മാൾ	Xxx 3695	26.01.2024	2/2024 മുതൽ 07/2025 വരെ	27,200/-	ക്ഷേമനിധി ബോർഡ് പെൻഷൻ
14	ശ്രീ രാമസ്വാമി കെ.	Xxx 0059	17.01.2024	2/2024 മുതൽ 07/2025	27,200/-	വാർദ്ധക്യകാല പെൻഷൻ
15	ശ്രീ ആർ ജയറാം	Xxx 3659	18.11.2023	12/2023 മുതൽ 07/2025 വരെ	30,400/-	ക്ഷേമനിധി ബോർഡ് പെൻഷൻ
16	ശ്രീമതി രാജമ്മാൾ സത്യനാഥ്	Xxx 0198	13.01.2024	02/2024 മുതൽ 06/2025 വരെ	27,200/-	വാർദ്ധക്യകാല പെൻഷൻ
17	ശ്രീമതി ബോജമ്മാൾ ബി. ബാലകൃഷ്ണൻ	Xxx 0156	13.12.2023	01/2024 മുതൽ 07/2025 വരെ	28,800/-	വിധവ പെൻഷൻ
ആകെ					4,08,000/-	

ഗ്രാമപ്പഞ്ചായത്തിൽ മാത്രം തൻവർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ വിവരങ്ങളാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഗ്രാമപ്പഞ്ചായത്തിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്നതും മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെട്ടവരുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പല ഗുണഭോക്താക്കളെയും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത് മരണം രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണെന്ന് മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. അനർഹരായവരുടെ പെൻഷൻ ഐ.ഡി. – കൾ സമയബന്ധിതമായി റദ്ദാക്കാത്തതിനാലാണ് ഇത്തരത്തിൽ അധികച്ചെലവുകൾ ഉണ്ടാകുന്നത്.

23.09.2020 - ലെ സ.ഉ.(സാധാ.)നം.97/2020/ധന. - ഉത്തരവിൽ, അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ, ഖണ്ഡിക നം. സി(12) – ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക നം.സി(13) പ്രകാരം, പെൻഷൻ വിതരണം ചെയ്യുന്ന

സഹകരണസ്ഥാപനങ്ങൾ, മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശികസർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശികസർക്കാരിന്റെ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും മാസാവസാനം ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷമുള്ള പെൻഷൻ, അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും തുക കൈപ്പറ്റിയ അനന്തരാവകാശികളിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 05.11.2020 -ലെ നം.67/2020/ധന. സർക്കുലർ പ്രകാരം, മരണപ്പെട്ടവരെയും അനർഹരായവരെയും സമയബന്ധിതമായി പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷണർ അനർഹനാവുന്ന അവസരത്തിൽത്തന്നെ സമയബന്ധിതമായി അറിയിച്ചാൽ മാത്രമേ ബോർഡുകൾക്കും ബാങ്കുകൾക്കും പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശസ്ഥാപനങ്ങൾക്കും അനർഹരായവരെ ഒഴിവാക്കുന്നതിന് സാധിക്കൂ. നിലവിൽ അനർഹമായി നൽകിയ മേൽ തുകകൾ ക്രെഡിറ്റ് ചെയ്ത ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണസംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് 17.08.2017 - ലെ സ.ഉ(സാധാ)നം.381/2017/ധന., നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.18/18.09.2025) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല.

1-24 ഇലക്ഷൻ ഡെപ്പോസിറ്റ് തുക നാളിതു വരെ തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല

1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) അനുസരിച്ച്, തദ്ദേശസ്വയംഭരണസ്ഥാപനത്തിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ ഡെപ്പോസിറ്റ് തുക പഞ്ചായത്തു ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. വാർഷികധനകാര്യപത്രിക പ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റിനത്തിൽ ₹62,500/- അവശേഷിക്കുന്നുണ്ട്. ഇതിനോടകം കാലഹരണപ്പെട്ട നിക്ഷേപത്തുക പഞ്ചായത്തു ഫണ്ടിൽ മുതൽകൂട്ടാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-25 അർഹമായ തീയതിക്ക് രണ്ട് വർഷത്തിനുശേഷം യാത്രബത്ത കൈപ്പറ്റി - സർക്കാർ സാധൂകരണം ലഭിക്കാതെ യാത്രാബത്ത അനുവദിച്ചു

വൗച്ചർ നം./തീയതി തുക(₹)	22400201/25.07.2024/33,300/-
ഫയൽ നം.	400540/GAEE28/GPO/2024/1238

യാത്രാബത്ത അർഹമായ തീയതി മുതൽ അതായത്, യാത്ര നടത്തിയ മാസത്തിന്റെ തൊട്ടടുത്ത മാസം ഒന്നാം തീയതി മുതൽ (കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 53(ബി)(6)) ഒരു വർഷത്തിനകം അവകാശപ്പെട്ടിരിക്കണം. (കെ.എസ്.ആർ.വാല്യം 1 പാർട്ട് 2, ചട്ടം 5 എ). അർഹമായ തീയതി മുതൽ 2 വർഷത്തിനകം തുക മാറിയിരിക്കണം. രണ്ട് വർഷത്തിനു ശേഷം സർക്കാരിന്റെ പ്രത്യേക അനുമതിയുണ്ടെങ്കിലേ തുക മാറാനാകൂ. (കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56 ബി(2). എന്നാൽ 2022 മാർച്ച് മുതൽ 2023 മാർച്ച് മാസം വരെ നടത്തിയ ഔദ്യോഗികയാത്രകൾക്ക് യാത്രബത്തയിനത്തിൽ ₹33,300/- ബന്ധപ്പെട്ട എൻ.ആർ.ഇ.ജി.എ. ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

യാത്രബത്ത കൈപ്പറ്റിയ ജീവനക്കാരുടെ വിശദാംശം ചുവടെ ചേർക്കുന്നു.

മാസം/വർഷം	ജീവനക്കാരുടെ പേര്					
	ശ്രീ പ്രഭാകരൻ പി.	ശ്രീ നിധിൻ റ്റി. ജി.	ശ്രീ ഏബനേസർ എസ്	ശ്രീ ദാസ് ബി.	ശ്രീ ജയകുമാർ എം.	ആകെ (₹)
ഏപ്രിൽ 2022	0	350/-	700/-	0	700/-	1,750/-
മെയ് 2022	350/-	0	350/-	350/-	700/-	1,750/-
ജൂൺ 2022	1,050/-	900/-	1,250/-	350/-	350/-	3,900/-
ജൂലൈ 2022	700/-	700/-	1,400/-	700/-	700/-	4,200/-
ഓഗസ്റ്റ് 2022	700/-	350/-	700/-	350/-	350/-	2,450/-
സെപ്റ്റംബർ 2022	700/-	350/-	700/-	1,050/-	700/-	3,500/-
ഒക്ടോബർ 2022	1,400/-	0	0	350/-	700/-	2,450/-
നവംബർ 2022	700/-	1,050/-	700/-	1,050/-	1,400/-	4,900/-
ഡിസംബർ 2022	700/-	350/-	0	0	350/-	1,400/-
ജനുവരി 2023	1,050/-	700/-	0	700/-	1,050/-	3,500/-
ഫെബ്രുവരി 2023	0	350/-	0	700/-	1,050/-	2,100/-
മാർച്ച് 2023	1,050/-	0	0	0	350/-	1,400/-
ആകെ	8,400/-	5,100/-	5,800/-	5,600/-	8,400/-	33,300/-

2022 മാർച്ച് മാസം മുതൽ 2023 മാർച്ച് മാസം വരെ നടത്തിയ യാത്രകൾക്ക് സർക്കാർ യാത്രാബത്ത അനുവദിച്ചതിന് സാധൂകരണം ലഭിച്ചിട്ടില്ലെന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/തീയതി. 17.09.2025) മറുപടി നൽകി. രണ്ട് വർഷങ്ങൾക്ക് മുമ്പുള്ള ക്ലെയിമുകൾ സർക്കാരിന്റെ പ്രത്യേക അനുമതി ലഭിച്ച ശേഷമേ അനുവദിക്കാവു. സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതുവരെ ₹33,300/- തടസ്സത്തിൽ വെയ്ക്കുന്നു. സർക്കാർ സാധൂകരണം ലഭ്യമാക്കി തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-26 അങ്കണവാടികൾക്ക് പോഷകാഹാരവിതരണം - ചെലവ് തുകകളുടെ അനുബന്ധരേഖകൾ ലഭ്യമാക്കിയില്ല - ₹1,62,725/- തടസ്സപ്പെടുത്തുന്നു.

(I)

പദ്ധതി നം./പദ്ധതിയുടെ പേര്	70/25, അങ്കണവാടികൾക്ക് പോഷകാഹാരവിതരണം – ജനറൽ
അടങ്കൽ (₹)	1,50,000/- (വികസനഫണ്ട് - പൊതുവിഭാഗം)
നിർവ്വഹണോദ്യോഗസ്ഥൻ	ഐ.സിഡി.എസ്. സൂപ്പർവൈസർ
ചെലവ് (₹)	58,740/-
ബിൽ നം./തീയതി	24100352010700574649/18.03.2025

(II)

പദ്ധതി നം./പദ്ധതിയുടെ പേര്	73/25, അങ്കണവാടികൾക്ക് പോഷകാഹാരവിതരണം (എസ്.സി.പി.)
അടങ്കൽ (₹)	9,00,000/- (വികസനഫണ്ട് – എസ്.സി.പി.)
നിർവ്വഹണോദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
ആകെ ചെലവ് (₹)	1,03,985/-
ബിൽ നം./വൗച്ചർ നം./തുക (₹)	24100352010700652592/06.09.2024/53,355/-
	24100352010701112777/28.12.2024/27,050/-
	വൗച്ചർ നം.22400616/27.03.2025/23,580/-

മേൽ പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായി കോണ്ടിമെന്റ് വൗച്ചർ, എൽ.പി.ജി., മറ്റ് ചെലവുകൾ എന്നിവയ്ക്ക് 18 അങ്കണവാടി വർക്കർമാർക്ക് ചെലവ് തുകകൾ കൈമാറിയെങ്കിലും വൗച്ചറുകളുടെ അനുബന്ധരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പിന് (നം.23/തീയതി. 19.09.2025) മറുപടി നൽകിയില്ല. ആയതിനാൽ മേൽ പദ്ധതികൽക്ക് ചെലവഴിച്ച ₹1,62,725/- (₹58,740/- +₹1,03,985/-) തടസ്സപ്പെടുത്തുന്നു.

1-27 കുടുംബാരോഗ്യകേന്ദ്രം(എഫ്.എച്ച്.സി.) - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

(1)

പദ്ധതി നം./പദ്ധതിയുടെ പേര്	63/2024-25, എഫ്.എച്ച്.സി. – ക്ക് മരുന്ന് വാങ്ങൽ
അടങ്കൽ (₹)	3,00,000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം)
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.
ആകെച്ചെലവ് (₹)	1,73,152/-
ബിൽ നം./തീയതി/തുക (₹)	1) 24100352010801104635/28.12.2024/66,297/-
	2) 24100352010800600856/30.08.2024/1,06,855/-

(2)

പദ്ധതി നം./പദ്ധതിയുടെ പേര്	62/2024-25, പാലിയേറ്റീവ് കെയർ
അടങ്കൽ (₹)	7,50,000/- (വികസനഫണ്ട് - പൊതുവിഭാഗം)
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.
ആകെച്ചെലവ് (₹)	49,147/-
ബിൽ നം./തീയതി/തുക (₹)	1) 24100352010801104634/28.12.2024/13,037/-
	2) 24100352010800978525/03.12.2024/36,110/-

1. എഫ്.എച്ച്.സി. – ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയിൽ, മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം ആകെ ₹1,73,152/- KMSCL എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ₹55,453/- – യുടെ മരുന്ന് മാത്രമാണ് ലഭിച്ചത്. ₹1,17,699/- – യുടെ മരുന്ന് ലഭിച്ചില്ല.

2. പാലിയേറ്റീവ് കെയർ പദ്ധതിയിൽ, മുകളിൽ സൂചിപ്പിച്ചിട്ടുള്ള ബില്ലുകൾ പ്രകാരം ആകെ ₹49,147/- KMSCL - ന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ₹17,885/- – യുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ₹31,262/- – യുടെ മരുന്നുകൾ ലഭിച്ചില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.15/തീയതി. 18.09.2025) മറുപടി നൽകിയില്ല. ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരം അറിയിക്കേണ്ടതാണ്.

1-28 ജൽജീവൻ മിഷൻ - അവലോകനം

100 ശതമാനം ഗ്രാമീണഭവനങ്ങൾക്കും ഗാർഹികകുടിവെള്ളകണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ളകണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ജൽജീവൻ മിഷൻ കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണസംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-2021 സാമ്പത്തികവർഷത്തേക്ക് ₹880 കോടിയുടെ പദ്ധതി അടങ്കലിന് അംഗീകാരം നൽകിക്കൊണ്ടും 08.06.2020-ൽ സ.ഉ.(കൈ)നം.37/2020/ജ.വി.വ. ഉത്തരവ് പുറപ്പെടുവിച്ചു.

കേരളത്തിലെ ഗ്രാമപ്പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 – നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ

മിഷന്റെ പ്രധാന ദൌത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്.

വട്ടവട ഗ്രാമപ്പഞ്ചായത്തിലെ 2020-2021 വർഷം മുതലുള്ള വിവരങ്ങൾ പരിശോധിച്ചതിൽ, ജലജീവൻ മിഷൻ വിഹിതമായി ഗ്രാമപ്പഞ്ചായത്തിന്റെ ആക്ഷൻ പ്ലാൻ പ്രകാരം അടവാക്കേണ്ട 15 % സ്ഥാപനവിഹിതവും 10 % ഗുണഭോക്തൃവിഹിതവും ഗ്രാമപ്പഞ്ചായത്ത് 2020-2021 മുതൽ തൻവർഷം വരെ അടവാക്കിയിട്ടില്ല. പദ്ധതിക്ക് നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 6/തീയതി. 15.09.2025) മറുപടി നൽകി.

1-29 ഹെൽത്ത് ഗ്രാന്റ് - അവലോകനം

പ്രാഥമികാരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യകമ്മീഷൻ 2021-2022 മുതൽ 2025-2026 വരെ ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകൾ താഴെ നൽകുന്നു.

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്രആരോഗ്യകുടുംബക്ഷേമമന്ത്രാലയം 31.08.2021 - ന് പുറപ്പെടുവിച്ച സാങ്കേതികമാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിടനിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യകേന്ദ്രങ്ങൾക്ക് സഹായം

ബ്ലോക്ക് കുടുംബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ

പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുംബാരോഗ്യകേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന മറ്റ് ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യവർദ്ധകസേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽ തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാലരോഗികൾക്ക് മാനസിക – സാമൂഹ്യപിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ.

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ കോർപ്പറേഷനും പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സാഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

1. ഫണ്ട് വിശകലനം

വട്ടവട ഗ്രാമപ്പഞ്ചായത്തിൽ 2021-2022 മുതൽ 2024-2025 വരെ ലഭ്യമായ വിവിധയിനം ഹെൽത്ത് ഗ്രാന്റുകളുടെ വരവ് – ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഡയഗ്നോസ്റ്റിക് ഇൻഫ്രാ സ്ട്രക്ചർ (സ്കീം-3) Kerala Gramin Bank - A/C No.40722101059058						
വർഷം	മുന്നിരിപ്പ് (₹)	ഗ്രാന്റ്(₹)	പലിശ(₹)	ആകെ(₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
2022-2023	0	1,79,875/-	2,315/-	1,82,190/-	0	1,82,190/-
2023-2024	1,82,190/-	5,14,000/-	8,915/-	7,05,105/-	1,46,306/-	5,58,799/-
2024-2025	5,58,799/-	2,15,000/-	15,835/-	7,89,634/-	3,73,346/-	4,16,288/-

ഹെൽത്ത് & വെൽനസ്സ് സെന്റർ (സ്കീം-4) Kerala Gramin Bank - A/C No.40722101059049						
വർഷം	മുന്നിരിപ്പ്(₹)	ഗ്രാന്റ്(₹)	പലിശ(₹)	ആകെ (₹)	ചെലവ്(₹)	നീക്കിയിരുപ്പ്(₹)
2022-2023	0	55,000/-	772/-	55,772/-	0	55,722/-
2023-2024	55,772/-	2,41,000/-	4,287/-	3,01,059/-	22,255/-	2,78,804/-
2024-2025	2,78,804/-	3,83,000/-	7,859/-	6,69,663/-	1,85,395/-	4,84,268/-

ഗ്രാമപ്പഞ്ചായത്തിന്റെ വാർഷികകണക്കുകളിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗവിവരം പ്രതിഫലിക്കുന്നുണ്ട്.

2. ഹെൽത്ത് ഗ്രാന്റ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ (2021-2022 മുതൽ 2024-2025 വരെ)

ക്രമ നമ്പർ	വർഷം	പദ്ധതി നം.	പദ്ധതിയുടെ പേര്	അടങ്കൽ (₹)	ചെലവ് (₹)
1	2024-2025	141	രോഗനിർണ്ണയസൗകര്യം ഏർപ്പെടുത്തൽ – ഇൻഫ്ര	5,14,000/-	3,52,030/-
2	2024-2025	144	രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ-ഇൻഫ്ര	28,997/-	21,316/-
3	2024-2025	143	കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	32,745/-	14,946/-
4	2024-2025	142	ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	2,41,000/-	1,70,449/-
5	2023-2024	134	രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ - ഇൻഫ്ര	84,875/-	55,878/-
6	2023-2024	80	രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ – ഇൻഫ്ര	1,79,875/-	95,000/-
7	2023-2024	135	കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവത്തനങ്ങൾ നടപ്പാക്കൽ	55,000/-	22,255/-

2023-2024 വർഷത്തെ ഡയഗ്നോസ്റ്റിക് ഇൻഫ്രാ സ്ട്രക്ചർ പദ്ധതിയുടെ ചെലവിൽ, ബാങ്ക് സ്റ്റേറ്റ്മെന്റുമായി ₹4,572/- വ്യത്യാസമുള്ളത് വിശദീകരിക്കപ്പെട്ടിട്ടില്ല.

3. ഹെൽത്ത് ഗ്രാന്റ് മുഖേന വിഭാവനം ചെയ്തെങ്കിലും നടപ്പിലാക്കാത്ത പദ്ധതികൾ (2021-2022 മുതൽ 2024-2025 വരെ)

ക്രമ നമ്പർ	വർഷം	പദ്ധതി നം.	പദ്ധതിയുടെ പേര്	അടങ്കൽ (₹)
1	2024-2025	151	രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	2,15,000/-
2	2024-2025	152	ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	3,83,000/-
3	2023-2024	143	രോഗനിർണ്ണയസൗകര്യം ഏർപ്പെടുത്തൽ	5,14,000/-

4	2023-2024	144	ഹെൽത്ത് ആന്റ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	2,41,000/-
5	2022-2023	81	കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	55,000/-

4. ഹെൽത്ത് ഗ്രാന്റ് തുക അതാത് വർഷങ്ങളിൽ പൂർണ്ണമായും ചെലവഴിക്കുന്നില്ല

ഹെൽത്ത് ഗ്രാന്റ് തുക അതാത് വർഷങ്ങളിൽ പൂർണ്ണമായും ചെലവഴിക്കാത്തത് സംബന്ധിച്ച് ഗ്രാമപ്പഞ്ചായത്തിൽ നിന്ന് രേഖാമൂലം സമർപ്പിച്ച മറുപടിയിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഈ സ്ഥാപനത്തിന് കീഴിലുള്ള സബ്-സെന്റർ കെട്ടിടം അൺഫിറ്റ് ആയതിനെത്തുടർന്ന് സബ്-സെന്റർ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനോ ഫർണിച്ചറുകൾ, ആരോഗ്യഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനോ സാധിച്ചിരുന്നില്ല. കൂടാതെ, വട്ടവട കുടുംബാരോഗ്യകേന്ദ്രത്തിൽ 40 - ൽ താഴെ മാത്രമേ ശരാശരി ഒ.പി. ഉണ്ടാകാറുള്ളൂ. അതിനനുസരിച്ചുള്ള റീ-ഏജന്റ് കിറ്റുകളും ഡയഗ്നോസിസ് സാമഗ്രികളും നിലവിൽ വാങ്ങിയിട്ടുണ്ട്. അതിൽക്കൂടുതൽ വാങ്ങിയാൽ അവ എക്സ്പെയറി തീയതി കഴിഞ്ഞു ഉപയോഗശൂന്യമാകും എന്ന സാധ്യതയും നിലവിലുണ്ട്. എന്നിരുന്നാലും പുതിയ സബ്-സെന്റർ കെട്ടിടം അങ്കണവാടി കേന്ദ്രീകരിച്ചു പ്രവർത്തിക്കുവാനുള്ള അനുമതി ലഭ്യമായതിനെത്തുടർന്ന് കഴിഞ്ഞ സാമ്പത്തികവർഷത്തിലെ ഹെൽത്ത് ഗ്രാന്റ് മികച്ച രീതിയിൽ വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വനിത ഗ്രൂപ്പുകൾക്ക് കോഴിക്കുഞ്ഞ് വിതരണം - വാങ്ങിയ കോഴിക്കുഞ്ഞുങ്ങളെ പൂർണ്ണമായും വിതരണം ചെയ്തില്ല - ₹45,120/- നിരാകരിക്കുന്നു. മറ്റ് അപാകങ്ങൾ ₹4,34,880/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	104/2024-25 വനിതഗ്രൂപ്പുകൾക്ക് കോഴിക്കുഞ്ഞ് വിതരണം	
അടങ്കൽ (₹)	22,68,433/-	12,67,433/- വികസനഫണ്ട് (പൊതുവിഭാഗം)
		10,01,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)
നിർവ്വഹണോദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ	
ആകെച്ചെലവ് (₹)	4,80,000/-	
ബിൽ നം./തീയതി	24100352011300978541/03.12.2024	

വനിതഗ്രൂപ്പുകളിൽ ഉൾപ്പെട്ട വനിതകൾക്ക് 5 കോഴിക്കുഞ്ഞുങ്ങൾ വീതം വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതിക്ക്, മാളു എഗ്ഗർ നേഴ്സറി, ചെങ്ങന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും 02.12.2024 – ലെ ഇൻവോയിസ് നമ്പർ.10 പ്രകാരം, ഒരു കോഴിക്കുഞ്ഞിന് ₹120/- എന്ന നിരക്കിൽ, 46 മുതൽ 60 ദിവസം വരെ പ്രായമുള്ള 4000 കോഴിക്കുഞ്ഞുങ്ങളെ വാങ്ങി 176 ജെ.എൽ.ജി. ഗ്രൂപ്പുകളിലെ വനിതകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. മേൽ സൂചിത ഇൻവോയിസ് പ്രകാരം, വാങ്ങിയ 4000 കോഴിക്കുഞ്ഞുങ്ങളിൽ 3624 കോഴിക്കുഞ്ഞുങ്ങളെ മാത്രമാണ് വിതരണം ചെയ്തത്. ബാക്കി 376 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിട്ടില്ല. വിതരണം ചെയ്യാത്ത കോഴിക്കുഞ്ഞുങ്ങളുടെ വിലയായ ₹45,120/- (376 X₹120/-) ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2. 28.05.2022 – ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. നം. സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 06.03.2025 പ്രകാരം, വിതരണം ചെയ്യുന്ന കോഴിക്കുഞ്ഞുങ്ങൾ 45 മുതൽ 60 ദിവസം വരെ പ്രായമുള്ളവയായിരിക്കണം എന്ന് നിർദ്ദേശിച്ചിരിക്കെ, 25.10.2024 – ൽ വിരിഞ്ഞ കോഴിക്കുഞ്ഞുങ്ങളെ 02.12.2024 – ൽ സപ്ലൈ ചെയ്തിരിക്കുന്നു. അതായത് സപ്ലൈ ചെയ്യുമ്പോൾ കോഴിക്കുഞ്ഞുങ്ങളുടെ പ്രായം 38 ദിവസം മാത്രമാണ്. ഇൻവോയിസിൽ വിതരണം ചെയ്ത കോഴിക്കുഞ്ഞുങ്ങളുടെ പ്രായം 46 മുതൽ 60 ദിവസം എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്, പരിശോധിക്കാതെ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വിതരണം ചെയ്തിരിക്കുന്നു.

3. അപേക്ഷകൾ അപൂർണ്ണമാണ്. മിക്ക അപേക്ഷകളിലും വനിതാഗ്രൂപ്പുകളിൽ എത്ര അംഗങ്ങൾ ഉണ്ട് എന്നോ ഓരോ അംഗങ്ങൾക്കും എത്ര കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തുവെന്നോ ഉള്ള വിവരങ്ങൾ ഫയലിൽ ഇല്ല.

4. വനിതാഗ്രൂപ്പിലെ അംഗങ്ങൾക്ക് തുല്യമായ എണ്ണത്തിലല്ലാതെ കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തിരിക്കുന്നു.

വാങ്ങിയ കോഴിക്കുഞ്ഞുങ്ങളെ പൂർണ്ണമായും വിതരണം ചെയ്യാത്തതിനും മറ്റ് അപാകങ്ങൾക്കും വിശദീകരണം ആവശ്യപ്പട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.7/തീയതി. 16.09.2025) മറുപടി നൽകിയില്ല. ആയതിനാൽ വിതരണം ചെയ്യാത്ത 376 കോഴിക്കുഞ്ഞുങ്ങളുടെ വിലയായ ₹45,120/- (376 X ₹120/-) ഓഡിറ്റിൽ നിരാകരിക്കുന്നു. മറ്റ് അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹4,34,880/- (ആകെ ചെലവഴിച്ച ₹4,80,000/- – ൽ നിരാകരിച്ച തുകയായ ₹45,120/- കിഴിച്ചുള്ള തുക) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-2 സംരക്ഷണഭിത്തി നിർമ്മാണം - അധികം തുക അനുവദിച്ചു - നഷ്ടം ₹33,778/-

പദ്ധതി നം./പദ്ധതിയുടെ പേര്	(99/2024-2025) മന്ത - ഗ്രാമപ്പഞ്ചായത്ത് - കൊട്ടാകൊമ്പൂർ – റോഡ് മെയിന്റനൻസും സംരക്ഷണഭിത്തി നിർമ്മാണവും
അടങ്കൽ (₹)	17,36,000/- (മെയിന്റനൻസ് ഗ്രാന്റ് - റോഡ്)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
ആകെച്ചെലവ് (₹)	15,43,828/-
ബിൽ നം./തീയതി/തുക (₹)	241003520106002681 09/16.05.2024/13,98,308/-
	241003520106006670 40/12.09.2024/1,45,520/-
ഫയൽ നമ്പർ	LSGD/CELSGD/EST/121101/2023
കരാറുകാരൻ	ശ്രീ ജോസ് വർഗ്ഗീസ് മാത്യു
കരാർ നം.	02/AE/LID&EW/VTD/23-24/29.01.2024
അളവ് പുസ്തകം	E- M Book

ഗ്രാമപ്പഞ്ചായത്തിൽ, 2024-2025 വർഷം, അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മേൽ സൂചിപ്പിച്ച റോഡ് മെയിന്റനൻസും സംരക്ഷണഭിത്തി നിർമ്മാണവും എന്ന പ്രവൃത്തി വട്ടവടഗ്രാമപ്പഞ്ചായത്ത് എൽ.എസ്.ജി.ഡി. സബ്ഡിവിഷൻ, ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ 16.09.2025-ൽ നേരിട്ടുള്ള പരിശോധനയിൽ സംരക്ഷണഭിത്തി നിർമ്മാണത്തിൽ യഥാർത്ഥത്തിൽ ചെയ്തിരിക്കുന്ന കോൺക്രീറ്റ് അളവിനെക്കാൾ (നീളം 10.75 മീറ്റർ,ഉയരം 5.25 മീറ്റർ) അധികം അളവ് ബുക്കിൽ രേഖപ്പെടുത്തുകയും (നീളം 10.75 മീറ്റർ, ഉയരം 5.40 മീറ്റർ), കോൺക്രീറ്റിംഗിനായി ഉപയോഗിച്ചിരിക്കുന്ന Vertical Bar 10 എം.എം കമ്പി എന്നിരിക്കെ 12.എം.എം കമ്പിയുടെ നിരക്ക് അനുവദിക്കുകയും ചെയ്തു. തൻമൂലം കരാറുകാരന് അധികം തുക നൽകേണ്ടിവന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	അളവ് ബുക്ക് പ്രകാരമുള്ള	അളവ് ബുക്ക് പ്രകാരം	നൽകിയ തുക (₹)	പരിശോധനയിൽ കണ്ടെത്തിയ	നൽകാവുന്ന തുക (₹)	അധികം നൽകിയ

	ഇനം നം /ഇനം	ചെയ്ത അളവ് M^3		അളവ് M^3		തുക (₹)
1	1.004, 12.5.1.1 Plain/ Reinforced Cement Concrete In Substructure Complete As Per Drawings And Technical Specification Clauses 802, 804, 805, 806, 807, 1202 Ans 1204 For Height Upto 5 M I. P.C.C Grade M 15 (I) Nominal Mix (1:2.5:5)	Third Lift 10.75x1.40x1.10 = 16.555	1,22,694.73 (16.555x7411.34)	10.75x1.40x0.95 =14,297 M^3	1,05,959.92 14.297x7411.34	16,734.81 +18% GST =3012.26 =19,747.07
2	1.005, 12.7 Supplying, Fitting And Placing TMT Bar Reinforcement (Fe 415) In Substructrue Complete As Per Drawings And Technical Specification Clauses 1002, 1005, 1010 & 1202	Vertical Bar 12 Mm Dia 70x6x0.000888 = 0.37300 Ton	30,324.36 (81,298.56 X 00888)	10 Mm Dia 70x5.25x0.000617 7,888/- = 0.22674 Ton	18,433.63 (81,298.56 X 0.000617)	11,890.73 +18% GST =2,140.33 =14,031.06
	ആകെ അധികം നൽകിയത്					33,778.13 33,778/-

അധികം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/തീയതി. 17.09.2025) മറുപടി നൽകിയില്ല. ആയതിനാൽ അധികം നൽകിയ തുക ₹33,778/- കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
15	39,000/-	39,000/-	0	0

* 01.04.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 - നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ	മെഡിസെപ് പ്രീമിയം ഇനത്തിൽ	ഒടുക്കാൻ ബാക്കി നിൽക്കുന്ന	റിമാർക്സ്

		അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	ഒടുക്കിയ തുക (₹)	തുക (₹)	
ബാധകമല്ല					

മെഡിസെപ് പ്രീമിയം ഒടുക്കി (01.07.2024 – ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല				

മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല					

4-2 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിവിധ സംയുക്തപദ്ധതികൾക്ക് ഇടുക്കി ജില്ലപ്പഞ്ചായത്തിൽ നിന്നും വട്ടവട ഗ്രാമപ്പഞ്ചായത്തിന് ലഭിച്ച ഫണ്ടിന്റെ വിനിയോഗവിവരം താഴെ കൊടുക്കുന്നു.

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പദ്ധതിയുടെ പേര്/പദ്ധതി നം.	ചെലവ് (₹)	ബാലൻസ് (₹)
ഇടുക്കി ജില്ലാപ്പഞ്ചായത്ത്	2024-2025	5,00,000/-	ലൈഫ് – ഭവനനിർമ്മാണം പട്ടികജാതിവിഭാഗം (67/25)	5,00,000/-	0
ആകെ		5,00,000/-		5,00,000/-	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്/ നം.	ബിൽ നം./ തീയതി	മുൻകൂർ നൽകിയ തുക (₹)	ചെലവഴിച്ച തുക (₹)	ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹)
കെ.എസ്.ഇ.ബി.	വട്ടവട ഗ്രാമപ്പഞ്ചായത്ത് വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾക്ക് പ്രത്യേക ലൈൻ വലിക്കുന്നതിന് കെ. എസ്.ഇ.ബി. – ക്ക് തുക നല്കൽ (114/14)	23100352015800500776/ 25.08.2023	3,99,000/-	0	3,99,000/-

4-4 മൊബിലൈസേഷൻ അഡ്വാൻസ്

- ഇല്ല -

4-5 വായ്പ - വായ്പയുടെ തിരിച്ചടവ്

തൻവർഷം വായ്പ ഇനത്തിൽ ₹25,80,000/- വരവ് ഉണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പത്തുകയുടെയും വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പത്തുക (₹)	തൻവർഷ വായ്പ (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
					മുതൽ	പലിശ	
ലൈഫ് പദ്ധതി	ലഭ്യമല്ല	11,76,01,839/-	25,80,000/-	7,68,91,021/-	1,02,09,615/-	-	6,92,61,406/-

4-6 സ്ഥിരനിക്ഷേപം

- ഇല്ല -

4-7 ഓഡിറ്റ് റിക്കവറി

- ഇല്ല -

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമപ്പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ, 1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1996-1997	2-19, 3-28, 3-29, 3-30, 3-31, 3-32, 3-34, 3-35, 3-37, 3-38, 3-39, 3-40	2000-2001	4-39	വ്യാപകമായ തോതിൽ പണാപഹരണം
1997-1998	3-26	2000-2001	4-40	വ്യാജരേഖ ചമച്ച് പണാപഹരണം
1997-1998	3-31	2000-2001	4-40 ബി	കിടാരി വിതരണം പദ്ധതിയിൽ ക്രമക്കേട്
1998-1999	20 ബി	2002-2003	VII 6-12	ചെക്ക് ലീഫ് മോഷ്ടിച്ച് ധനാപഹരണം
2000-2001	20 ബി, 26, 27	2003-2004	VII 6-12	പഞ്ചായത്ത് ഫണ്ടിൽ നിന്നും പണാപഹരണം
2001-2002	2-15	2005-2006	31-1	റോഡ് നിർമ്മാണം – വ്യാജരേഖ ചമച്ച് തുക പിൻവലിച്ചു
2014-2015	2-3	2016-2017	അനുബന്ധം-3	വസ്തുനികുതി അപാകങ്ങൾ
2015-2016	2-2	2016-2017	അനുബന്ധം-4	വസ്തുനികുതി അപാകങ്ങൾ
2015-2016	2-3	2016-2017	അനുബന്ധം-5	തൊഴിൽ നികുതി അപാകങ്ങൾ
-	-	2017-2018	അധ്യായം-6	ഭൂമിശാസ്ത്രപരമായും പാരിസ്ഥിതികമായും വിഭിന്ന സാഹചര്യങ്ങളാൽ സാമ്പത്തികപരാധീനത നേരിടുന്ന ഗ്രാമപ്പഞ്ചായത്തുകളിൽ പരിശോധന നടത്തിയതിന്റെ ഫലങ്ങൾ
2018-2019	1-18	2019-2020	3-1 ഇടുക്കി ജില്ല	വട്ടവട മാതൃകഗ്രാമം – അപാകങ്ങൾ

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

- ഇല്ല -

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

മുന്നിരിപ്പ് (₹)	1,77,53,033/-
വരവ് (₹)	5,71,74,626/-
ആകെ (₹)	7,49,27,659/-
ചെലവ് (₹)	4,98,15,896/-
നീക്കിയിരിപ്പ്(₹)	2,51,11,763/-

(കുറിപ്പ്:- പഞ്ചായത്തിന്റെ 2024-2025 വർഷത്തെ റെസീറ്റ് & പെയ്മെന്റ്

പത്രിക അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്)	
വരവിനങ്ങളിലുള്ള നഷ്ടം (₹)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം (₹)/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	78,898/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹)	15,68,539/-

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	ചാർജ്ജ് ചെയ്യാവുന്ന തുക (₹)	സർചാർജ്ജ് ചെയ്യാവുന്ന തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-2 (1-13)	-	33,778/-	16,889/-	ശ്രീ അശ്വിൻ മുരളി അസിസ്റ്റന്റ് എഞ്ചിനീയർ
			16,889/-	ശ്രീ വിനയദാസ് എൻ.കെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
3-1 (1-14)	-	45,120/-		ഡോ എ.ബിനിരാജ് വെറ്ററിനറി സർജൻ
ആകെ		78,898/-		

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	4,34,880/-	ഡോ എ. ബിനിരാജ് വെറ്ററിനറി സർജൻ
1-15	4,99,550/-	ശ്രീ വിനോദ് കുമാർ സി. സെക്രട്ടറി
1-22	4,71,384/-	ശ്രീമതി ജലജ ആന്റണി ഐ.സി.ഡി.എസ്. സൂപ്പർവൈസർ
1-26	1,62,725/-	ശ്രീമതി ജലജ ആന്റണി ഐ.സി.ഡി.എസ്. സൂപ്പർവൈസർ
ആകെ	15,68,539/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ വിനോദ് കുമാർ സി. സെക്രട്ടറി	സെക്രട്ടറി വട്ടവട ഗ്രാമപ്പഞ്ചായത്ത്	റ്റി.സി.25/1577,സായി വിഹാർ വെസ്റ്റ് തമ്പാനൂർ, തിരുവനന്തപുരം

		പിൻ – 695001
ഡോ എ. ബിനിരാജ് വെറ്ററിനറി സർജൻ	വെറ്ററിനറി സർജൻ വട്ടവട ഗ്രാമപ്പഞ്ചായത്ത്	ദിലീപ് കോട്ടേജ് വെഞ്ഞാറമൂട് പി.ഒ. തിരുവനന്തപുരം, പിൻ - 696607
ശ്രീമതി ജലജ ആന്റണി ഐ.സി.ഡി.എസ്. സൂപ്പർവൈസർ		കല്ലാനിക്കൽ, പാലാ പി.ഒ., കോട്ടയം ജില്ല പിൻ – 686675
ശ്രീ അശ്വിൻ മുരളി അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ വട്ടവട ഗ്രാമപ്പഞ്ചായത്ത്	തുമ്പയിൽ, കിഴക്കേതിൽ, വെണ്ടാർ പി.ഒ., കൊട്ടാരക്കര, കൊല്ലം ജില്ല, പിൻ - 691507.
ശ്രീ വിനയദാസ് എൻ.കെ. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കൊച്ചി കേർപ്പറേഷൻ	മിത്രം, പള്ളിപ്പടി വെള്ളൂർ പി.ഒ., വൈക്കം പിൻ – 683501.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക നമ്പർ
1996-1997	എൽ.എഫ്.ഐ.9/683/2000 തീയതി. 02.01.2001	12	19, 28, 29, 30, 31, 32, 34, 36-40,
1997-1998	എൽ.എഫ്.ഐ.9/684/2000 തീയതി. 02.01.2001	04	21, 26, 30, 31
1998-1999	എൽ.എഫ്.ഐ.9/264/2002 തീയതി. 10.06.2002	04	20 ബി, 26, 41, 42
1999-2000	എൽ.എഫ്.ഐ.9/403/2002 തീയതി. 24.08.2002	04	22, 23, 24, 26
2000-2001	എൽ.എഫ്.ഐ.9/199/2003 തീയതി. 10.03.2003	09	20, 24, 25, 26, 27, 28, 30, 31, 32
2001-2002	എൽ.എഫ്.ഐ.9/342/2005 തീയതി. 05.11.2005	7	2-15, 2-16, 2-17, 2-18
2002-2003	എൽ.എഫ്.ഐ.9/343/2005 തീയതി. 05.11.2005	6	2-6, 2-9, 2-10, 2-11, 2-12, 3-1
2003-2004	എൽ.എഫ്.ഐ.9/75/2007 തീയതി. 07.03.2007	6	2-2, 2-3, 2-7
2004-2005	എൽ.എഫ്.ഐ.9/206/2007 തീയതി. 07.03.2007	8	2-1, 2-2, 2-3, 3-1 മുതൽ 3-5 വരെ
2005-2006	എൽ.എഫ്.ഐ.9/946/2007 തീയതി. 27.05.2008	5	2-1, 2-2, 2-4, 2-6, 3-7
2006-2007	എൽ.എഫ്.ഐ.9/213/2009 തീയതി. 08.09.2009	6	2-1, 2-2, 2-3, 2-5, 3-1, 3-2
2007-2008	എൽ.എഫ്.ഐ.14/78/2012 തീയതി. 25.03.2012	9	2-2, 3-1 മുതൽ 3-8 വരെ
2008-2009	എൽ.എഫ്.ഐ.14/1001/2014 തീയതി. 24.01.2015	11	2-2, 3-2, 3-3, 3-5 മുതൽ 3-12 വരെ
2009-2010	എൽ.എഫ്.ഐ.14/1233/2011 തീയതി. 27.12.2012	15	2-1, 2-3, 3-1, 3-3 മുതൽ 3-13
2010-2011	എൽ.എഫ്.ഐ.14/905/2014 തീയതി. 08.02.2015	21	2-1, 2-4, 2-18, 3-1 മുതൽ 3-16 വരെ
2011-2012	എൽ.എഫ്.ഐ.14/905/2014 തീയതി. 08.02.2015	21	2-1, 2-4, 3-1 മുതൽ 3-16 വരെ, 2-18
2012-2013	എൽ.എഫ്.ഐ.14/1439/2015 തീയതി. 31.12.2015	9	3-1 മുതൽ 3-9 വരെ
2013-2014	എൽ.എഫ്.ഐ.14/1439/2015 തീയതി. 31.12.2015	9	3-1 മുതൽ 3-9 വരെ
2014-2015	എൽ.എഫ്.ഐ.14/157/2017 തീയതി. 13.02.2017	6	2-1 മുതൽ 2-3 വരെ 3-1 മുതൽ 3-3 വരെ
2015-2016	കെ.എസ്.എ.ഐ.ഡി.കെ.6/508/2017 തീയതി. 19.04.2017	7	2-1 മുതൽ 2-3 വരെ 3-1 മുതൽ 3-4 വരെ
2016-2017	കെ.എസ്.എ.ഐ.ഡി.കെ.6/289/2018 തീയതി. 12.03.2018	14	2-1 മുതൽ 2-3 വരെ 3-1 മുതൽ 3-10 വരെ, 3-12
2017-2018	കെ.എസ്.എ.ഐ.ഡി.കെ.06/686/2019 തീയതി. 09.07.2019	23	1-12, 2-1 മുതൽ 2-7 വരെ 3-1 മുതൽ 3-13 വരെ, 4-7 & 4-10

2018-2019	കെ.എസ്.എ.ഐ.ഡി.കെ.06/1008/2019 തീയതി. 16.12.2019	19	1-9, 1-11 മുതൽ 1-23 വരെ, 1-25, 1-26, 1-27, 3-1, 4-8, 4-11
2019-2020	കെ.എസ്.എ.ഐ.ഡി.കെ.13/1253/2021 തീയതി. 10.03.2022	28	1-3-1, 1-4, 1-8 മുതൽ 1-18 വരെ, 2-1, 2-2, 3-1, 3-2, 3-3, 4-2 മുതൽ 4-11 വരെ
2020-2021	കെ.എസ്.എ.ഐ.ഡി.കെ.13/1254/2021 തീയതി. 10.03.2022	13	1-3-2, 1-10, 1-11, 1-12, 1-13 To 1-17(3-1 To 3-5), 1-18, 1-19, 1-20, 2-1
2021-2022	കെ.എസ്.എ.ഐ.ഡി.കെ.പി7/402/2023 തീയതി. 03.05.2023	19	1-1 മുതൽ 1-19 വരെ
2022-2023	കെ.എസ്.എ.ഐ.ഡി.കെ.പി7/843/2023 തീയതി. 29.08.2024	13	1-1, 1-4, 1-8 മുതൽ 1-16 വരെ 4-2, 4-10
2023-2024	കെ.എസ്.എ.ഐ.ഡി.കെ.പി7/375/2025 തീയതി. 15.03.2025	37	1-1-1 മുതൽ 1-1-10 വരെ, 1-8 മുതൽ 1-24-1 വരെ, 1-24-3 , 1-18, 3-1

ഡെപ്യൂട്ടി ഡയറക്ടർ

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 29-05-2025 and submitted on 12-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Vattavada Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Vattavada Grama Panchayat as on 31-03-2025

Date: 12/11/2025

Deputy Director
District Office Idukki
Kerala State Audit Department

Audit Report appended to the Audit Certificate of Vattavada Grama Panchayat for the Year 2024-2025 .

1.Major Observations

2.Other Observations

1	The following madatory financial statements prescribed in accounting rules are not submitted for audit (i) Notes to accounts (ii) Ratios
2	Cash flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.
3	Asset register is not kept up to date.
4	Depreciation recorded could not be verified in the absence of calculation sheets
5	Provision has not been recorded in accordance with the outstanding amount.
6	Payment voucher- Misclassification (Capital Work in Progress-figures do not match)

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വട്ടവട ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്